# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നെല്ലിയാമ്പതി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-PKD.18/1589/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 27/07/2022
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നെല്ലിയാമ്പതി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-PKD.18/1589/22 തീയ്യതി: 27/07/2022

## പാലക്കാട് ജില്ലയിലെ നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 11-11-2020 മുതൽ 05-07-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശശിഭൂഷൻ.ഇ | ഡെപ്യൂട്ടി ഡയറക്ടർ | 06-07-2022 | 15-07-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 06-07-2022 | 15-07-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സന്തോഷ്.സി.എസ്. ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ),
ശ്രീമതി.സുജാത.പി. ഓഡിറ്റ് ഓഫീസർ,
ശ്രീ.ഷർഫുദ്ദീൻ. എസ്.എച്ച്. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,
ശ്രീമതി.ഗീത.കെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ശ്രീജ.ആർ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| ശ്രീ.പ്രിൻസ്ജോസഫ് | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ.പ്രസാദ്.എസ് | സെക്രട്ടറി | 01-04-2020 | 20-05-2020 |
| ശ്രീ.സുനിൽകുമാർ.എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 21-05-2020 | 17-06-2020 |
| ശ്രീ.ഇ.ഷാജഹാൻ | സെക്രട്ടറി | 18-06-2020 | 23-06-2020 |
| ശ്രീ.രാമചന്ദ്രൻ.വി | സെക്രട്ടറി | 24-06-2020 | 31-07-2020 |
| ശ്രീ.ആർ.രാധാകൃഷ്ണൻ | സെക്രട്ടറി | 01-08-2020 | 09-08-2020 |
| ശ്രീ.സിറോഷ്എസ് | സെക്രട്ടറി | 10-08-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.റെജിൻ റാം | കൃഷി ഓഫീസർ(അഡീ.ചാർജ്ജ്) | 01-04-2020 | 31-03-2021 |
| ഡോ.അരുൺ കുമാർ | വെറ്ററിനറി സർജ്ജൻ | 01-04-2020 | 31-03-2021 |
| ശ്രീ.രാധാകൃഷ്ണൻ.ഇ.എം | എച്ച്.എം | 01-04-2020 | 31-05-2020 |
| ശ്രീ.കുഞ്ഞുണ്ണി.പി.കെ | എച്ച്.എം(ഇൻ-ചാർജ്ജ്) | 01-06-2020 | 31-03-2021 |
| ശ്രീ.ഷിജു.സി | വി.ഇ.ഒ | 01-04-2020 | 28-09-2020 |
| ശ്രീമതി.രഹിത.എൻ | വി.ഇ.ഒ | 29-09-2020 | 31-03-2021 |
| ശ്രീ.സുനിൽകുമാർ.എസ് | അസി.സെക്രട്ടറി | 01-04-2020 | 17-06-2020 |
| (ഒഴിവ്) | അസി.സെക്രട്ടറി | 18-06-2020 | 12-07-2020 |
| ശ്രീ.അജിത്കുമാർ.എസ് | അസി.സെക്രട്ടറി | 13-07-2020 | 03-08-2020 |
| ശ്രീ.ശിവരാജൻ.സി | അസി.സെക്രട്ടറി | 04-08-2020 | 31-03-2021 |
| ശ്രീമതി.സുധാകുമാരി.എ.സി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 02-11-2020 |
| ശ്രീമതി.താജുമ്മ.കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 03-11-2020 | 31-03-2021 |
| ഡോ.ആന്റണി പ്രെസ്റ്റിൻ.കെ.പി | മെഡിക്കൽ ഓഫീസർ(PHC) | 01-04-2020 | 15-12-2020 |
| ഡോ.ജോവിൻ.ജോസ് | മെഡിക്കൽ | 16-12-2020 | 26-01-2021 |

| | | | |
|---|---|---|---|
| | ഓഫീസർ(PHC) | | |
| ഡോ.ആനന്ദ്..ടി.ജി | മെഡിക്കൽ ഓഫീസർ(PHC) | 27-01-2021 | 31-03-2021 |
| ഡോ.ജെനിൻജോസഫ് | മെഡിക്കൽ ഓഫീസർ(ISM) | 01-04-2020 | 31-03-2021 |
| ശ്രീ.രമേഷ്.എം | അസി.എഞ്ചിനിയർ | 01-04-2020 | 31-03-2021 |
| ശ്രീമതി.രശ്മി.ജെ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 15-10-2020 |
| ശ്രീമതി.ഷീല.ടി.ജി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 16-10-2020 | 19-01-2021 |
| ശ്രീ.സുരേഷ് കുമാർ.എ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 20-01-2021 | 31-03-2021 |

<u>ഉള്ളടക്കം</u>


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Geetha K (Auditor, On 08-07-2022)<br>Last Updated By: Haseena KU (Computer Assistant, On 25-07-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Geetha K (Auditor, On 08-07-2022)<br>Last Updated By: Haseena KU (Computer Assistant, On 25-07-2022) | 1-2 |
| 3 | വാർഷിക കണക്കിലെ അപാകത<br>Written By: Geetha K (Auditor, On 15-07-2022)<br>Last Updated By: Haseena KU (Computer Assistant, On 25-07-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Geetha K (Auditor, On 08-07-2022)<br>Last Updated By: Haseena KU (Computer Assistant, On 25-07-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: C.S.Santhosh (Audit Officer, On 08-07-2022)<br>Last Updated By: Haseena KU (Computer Assistant, On 25-07-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: C.S.Santhosh (Audit Officer, On 08-07-2022)<br>Last Updated By: Haseena KU (Computer Assistant, On 25-07-2022) | 1-5 |
| 7 | പദ്ധതി ആസൂത്രണത്തിൽ ഗ്രാമപഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കണക്കിലടുക്കുന്നില്ല-ഫണ്ടുകൾ ലാപ്സ് ആകുന്നു<br>Written By: C.S.Santhosh (Audit Officer, On 08-07-2022)<br>Last Updated By: C.S.Santhosh (Audit Officer, On 08-07-2022) | 1-5-1 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: Geetha K (Auditor, On 08-07-2022)<br>Last Updated By: Haseena KU (Computer Assistant, On 25-07-2022) | 1-6 |
| 9 | ക്ഷേമ പദ്ധതികൾ<br>Written By: P. Sujatha (Audit Officer, On 08-07-2022)<br>Last Updated By: Haseena KU (Computer Assistant, On 25-07-2022) | 1-7 |
| 10 | ക്യാഷ് പരിശോധന<br>Written By: C.S.Santhosh (Audit Officer, On 08-07-2022)<br>Last Updated By: C.S.Santhosh (Audit Officer, On 08-07-2022) | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണം<br>Written By: C.S.Santhosh (Audit Officer, On 08-07-2022)<br>Last Updated By: Haseena KU (Computer Assistant, On 25-07-2022) | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: C.S.Santhosh (Audit Officer, On 08-07-2022)<br>Last Updated By: Haseena KU (Computer Assistant, On 25-07-2022) | 1-10 |
| 13 | തനത് ഫണ്ടിന്റെ സ്ഥിതി വിലയിരുത്തൽ<br>Written By: Geetha K (Auditor, On 15-07-2022)<br>Last Updated By: C.S.Santhosh (Audit Officer, On 15-07-2022) | 1-11 |
| 14 | പഞ്ചായത്ത് കെട്ടിടങ്ങളുടെ വാടക പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്<br>Written By: Geetha K (Auditor, On 14-07-2022)<br>Last Updated By: Haseena KU (Computer Assistant, On 25-07-2022) | 1-12 |
| 15 | ഒഴിഞ്ഞു കിടക്കുന്ന മുറികളുടെ വിവരം<br>Written By: Geetha K (Auditor, On 14-07-2022)<br>Last Updated By: C.S.Santhosh (Audit Officer, On 15-07-2022) | 1-12-1 |
| 16 | വണ്ടിത്താവളം ലേലം ചെയ്തില്ല<br>Written By: Geetha K (Auditor, On 14-07-2022)<br>Last Updated By: C.S.Santhosh (Audit Officer, On 15-07-2022) | 1-12-2 |
| 17 | വാടക കുടിശ്ശികയുടെ വിവരം | 1-12-3 |

| | | |
|---|---|---|
| | Written By: Geetha K (Auditor, On 14-07-2022)<br>Last Updated By: Haseena KU (Computer Assistant, On 25-07-2022) | |
| 18 | കെ.എസ്.ഇ.ബി യിൽ നിന്നും വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല<br>Written By: Geetha K (Auditor, On 14-07-2022)<br>Last Updated By: Haseena KU (Computer Assistant, On 25-07-2022) | 1-12-4 |
| 19 | കെട്ടിടങ്ങൾ പ്രയോജനപ്പെടുത്തുന്നില്ല<br>Written By: Geetha K (Auditor, On 14-07-2022)<br>Last Updated By: Haseena KU (Computer Assistant, On 25-07-2022) | 1-12-5 |
| 20 | വസ്തു നികുതി രേഖകളുടെ പരിശോധനയിന്മേലുള്ള കണ്ടെത്തലുകൾ<br>Written By: Geetha K (Auditor, On 15-07-2022)<br>Last Updated By: C.S.Santhosh (Audit Officer, On 15-07-2022) | 1-13 |
| 21 | ഭേദഗതി വിജ്ഞാപനം പ്രകാരം വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ചിട്ടില്ല<br>Written By: Geetha K (Auditor, On 15-07-2022)<br>Last Updated By: Haseena KU (Computer Assistant, On 25-07-2022) | 1-13-1 |
| 22 | ഡാറ്റാ പ്യൂരിഫിക്കേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടും സഞ്ചയ ഡാറ്റയിൽ അപാകതകൾ നിലനിൽക്കുന്നു<br>Written By: Geetha K (Auditor, On 15-07-2022)<br>Last Updated By: Haseena KU (Computer Assistant, On 25-07-2022) | 1-13-2 |
| 23 | വസ്തു നികുതി നിർണ്ണയത്തിലെ അപാകത പരിഹരിച്ചിട്ടില്ല<br>Written By: Geetha K (Auditor, On 15-07-2022)<br>Last Updated By: Haseena KU (Computer Assistant, On 25-07-2022) | 1-13-3 |
| 24 | മോബൈൽ ടവറുകളുടെ വസ്തുനികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്<br>Written By: Geetha K (Auditor, On 15-07-2022)<br>Last Updated By: C.S.Santhosh (Audit Officer, On 15-07-2022) | 1-13-4 |
| 25 | തൊഴിൽനികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്<br>Written By: Geetha K (Auditor, On 15-07-2022)<br>Last Updated By: Geetha K (Auditor, On 15-07-2022) | 1-14 |
| 26 | ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Geetha K (Auditor, On 15-07-2022)<br>Last Updated By: Haseena KU (Computer Assistant, On 25-07-2022) | 1-14-1 |
| 27 | സ്ഥാപന നികുതി ഈടാക്കിയിട്ടില്ല<br>Written By: Geetha K (Auditor, On 15-07-2022)<br>Last Updated By: Haseena KU (Computer Assistant, On 25-07-2022) | 1-14-2 |
| 28 | എസ്റ്റേറ്റ് ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Geetha K (Auditor, On 15-07-2022)<br>Last Updated By: C.S.Santhosh (Audit Officer, On 15-07-2022) | 1-14-3 |
| 29 | ചെലവഴിക്കാത്ത തുകകൾ തിരിച്ചടക്കേണ്ടതാണ്<br>Written By: P. Sujatha (Audit Officer, On 14-07-2022)<br>Last Updated By: Haseena KU (Computer Assistant, On 25-07-2022) | 1-15 |
| 30 | പാലക്കുഴി ജലവൈദ്യുതപദ്ധതി- ഷെയർ സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ്<br>Written By: P. Sujatha (Audit Officer, On 14-07-2022)<br>Last Updated By: Haseena KU (Computer Assistant, On 25-07-2022) | 1-16 |
| 31 | തൊഴിലുറപ്പ് വിഭാഗം - തനതു ഫണ്ടിൽ നിന്നും നൽകിയ തുക ക്രമീകരിച്ചിട്ടില്ല<br>Written By: P. Sujatha (Audit Officer, On 14-07-2022)<br>Last Updated By: Haseena KU (Computer Assistant, On 25-07-2022) | 1-17 |
| 32 | വൃദ്ധർക്ക് കട്ടിൽ -മുഴുവൻ കട്ടിലുകളും വിതരണം ചെയ്തിട്ടില്ല<br>Written By: P. Sujatha (Audit Officer, On 14-07-2022)<br>Last Updated By: Haseena KU (Computer Assistant, On 25-07-2022) | 1-18 |
| 33 | ഓൺലൈൻ പഠന സൗകര്യം ഒരുക്കൽ -ടെലിവിഷനുകൾ സ്ഥാപിച്ചതിന് രേഖകൾ ഇല്ല - ₹462240/- തടസ്സപ്പെടുത്തുന്നു<br>Written By: P. Sujatha (Audit Officer, On 14-07-2022)<br>Last Updated By: Haseena KU (Computer Assistant, On 25-07-2022) | 1-19 |
| 34 | ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്കുകളുടെ പരിപാലനം | 1-20 |

| | | |
|---|---|---|
| | കാര്യക്ഷമമാക്കേണ്ടതാണ്<br>Written By: P. Sujatha (Audit Officer, On 14-07-2022)<br>Last Updated By: Haseena KU (Computer Assistant, On 25-07-2022) | |
| 35 | കുടിവെള്ള പദ്ധതികളുടെ പരിപാലനം കാര്യക്ഷമമാക്കേണ്ടതാണ്<br>Written By: P. Sujatha (Audit Officer, On 15-07-2022)<br>Last Updated By: Haseena KU (Computer Assistant, On 25-07-2022) | 1-21 |
| 36 | കോവിഡ് പ്രവർത്തനങ്ങൾ - സാധന സാമഗ്രികളുടെ പുനരുപയോഗം ഉറപ്പാക്കേണ്ടതാണ്<br>Written By: P. Sujatha (Audit Officer, On 14-07-2022)<br>Last Updated By: Haseena KU (Computer Assistant, On 25-07-2022) | 1-22 |
| 37 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ -അവലോകനം<br>Written By: P. Sujatha (Audit Officer, On 15-07-2022)<br>Last Updated By: Haseena KU (Computer Assistant, On 25-07-2022) | 1-23 |
| 38 | ലൈഫ് മിഷൻ ഗുണഭോക്താക്കൾക്ക് തുക നൽകൽ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 15-07-2022)<br>Last Updated By: Haseena KU (Computer Assistant, On 25-07-2022) | 1-24 |
| 39 | കാർഷിക മേഖലയിൽ പദ്ധതികൾ നടപ്പിലാക്കുന്നതിലെ പരിമിതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 14-07-2022)<br>Last Updated By: Haseena KU (Computer Assistant, On 25-07-2022) | 1-25 |
| 40 | 'അംഗൻവാടി പോഷകാഹാരം' പദ്ധതി- ജി.എസ്.ടി 2% ടി.ഡി.എസ് ഈടാക്കിയില്ല<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 15-07-2022)<br>Last Updated By: Haseena KU (Computer Assistant, On 25-07-2022) | 1-26 |
| 41 | പൂരക പോഷകാഹാര പരിപാടി-ക്ക് ലഭ്യമായ കേന്ദ്ര വിഹിതം വകമാറ്റി ചെലവഴിച്ചു<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 15-07-2022)<br>Last Updated By: Haseena KU (Computer Assistant, On 25-07-2022) | 1-27 |
| 42 | എസ്.എസ്.എക്ക് ഗ്രാമപഞ്ചായത്ത് വിഹിതം- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 15-07-2022)<br>Last Updated By: Haseena KU (Computer Assistant, On 25-07-2022) | 1-28 |
| 43 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം - പൊതുവായ വിലയിരുത്തൽ<br>Written By: C.S.Santhosh (Audit Officer, On 14-07-2022)<br>Last Updated By: P. Sujatha (Audit Officer, On 15-07-2022) | 1-29 |
| 44 | പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ PWD മാന്വൽ പ്രകാരമുള്ള പിഴ ഈടാക്കിയില്ല<br>Written By: C.S.Santhosh (Audit Officer, On 14-07-2022)<br>Last Updated By: Haseena KU (Computer Assistant, On 25-07-2022) | 1-30 |
| 45 | മരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ ലഭ്യമായില്ല<br>Written By: C.S.Santhosh (Audit Officer, On 14-07-2022)<br>Last Updated By: Haseena KU (Computer Assistant, On 25-07-2022) | 1-31 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ | 4-1 |

| | | |
|---|---|---|
| | വിവരം<br>Written By: C.S.Santhosh (Audit Officer, On 08-07-2022)<br>Last Updated By: Haseena KU (Computer Assistant, On 25-07-2022) | |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: C.S.Santhosh (Audit Officer, On 08-07-2022)<br>Last Updated By: Haseena KU (Computer Assistant, On 25-07-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: C.S.Santhosh (Audit Officer, On 08-07-2022)<br>Last Updated By: C.S.Santhosh (Audit Officer, On 08-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: C.S.Santhosh (Audit Officer, On 08-07-2022)<br>Last Updated By: C.S.Santhosh (Audit Officer, On 08-07-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: C.S.Santhosh (Audit Officer, On 08-07-2022)<br>Last Updated By: C.S.Santhosh (Audit Officer, On 08-07-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: C.S.Santhosh (Audit Officer, On 08-07-2022)<br>Last Updated By: C.S.Santhosh (Audit Officer, On 08-07-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: C.S.Santhosh (Audit Officer, On 08-07-2022)<br>Last Updated By: Haseena KU (Computer Assistant, On 25-07-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: C.S.Santhosh (Audit Officer, On 08-07-2022)<br>Last Updated By: Haseena KU (Computer Assistant, On 25-07-2022) | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: C.S.Santhosh (Audit Officer, On 08-07-2022)<br>Last Updated By: C.S.Santhosh (Audit Officer, On 08-07-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: C.S.Santhosh (Audit Officer, On 08-07-2022)<br>Last Updated By: Haseena KU (Computer Assistant, On 25-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: C.S.Santhosh (Audit Officer, On 08-07-2022)<br>Last Updated By: E.Sasibhooshan (Deputy Director, On 27-07-2022) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷികധനകാര്യ പത്രികകൾ | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം. 3291/2016 /തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ ' അനുസരിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. പദ്ധതികൾ ബജറ്റിന്റെ ഭാഗമാക്കിയിട്ടുണ്ട്. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാന്വൽ പ്രകാരം പാലിക്കേണ്ട നടപടി/സമയക്രമങ്ങൾ നിശ്ചയിച്ചിട്ടുണ്ട്.

30-03-2020 ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നം. 1 പ്രകാരം 2020-21 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

1-03-2021 ലെ തീരുമാനം നം. 1 പ്രകാരം പരിഷ്കരിച്ച ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 4788901 |
| തൻവർഷത്തെ വരവ് | 98999816 |
| ആകെ വരവ് | 103788717 |
| ചെലവ് | 101226500 |
| നീക്കിയിരിപ്പ് | 2562217 |

യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കുന്നില്ല

2020-21 വർഷത്തെ ബജറ്റ് പ്രകാരമുള്ള വരവും ചെലവും വാർഷിക കണക്ക് പ്രകാരമുള്ള യഥാർത്ഥ വരവും ചെലവും തമ്മിൽ ഭീമമായ അന്തരം ഉള്ളതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രകാരം | യഥാർത്ഥ തുക |
|---|---|---|
| തൻവർഷത്തെ വരവ് | 98999816 | 29369605 |
| തൻവർഷത്തെ ചെലവ് | 101226500 | 31159640 |

സാമ്പത്തിക ക്ലേശം അനുഭവിക്കുന്ന ഗ്രാമപഞ്ചായത്തിന്റെ ധനസ്ഥിതി മെച്ചപ്പെടുത്തുന്നതിനായി പുതിയ ധനാഗമ മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനുള്ള ക്രിയാത്മ നിർദ്ദേശങ്ങൾ ബജറ്റിൽ ഉയർന്നു വന്നതായി കാണുന്നില്ല. വിവിധയിനം വരവുകളും ചെലവുകളും ബജറ്റിൽ ഉൾപ്പെടുത്തുന്നത് ക്രിയാത്മക ചർച്ചയിലൂടെയാകേണ്ടതും യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2019-20 | 31-7-2020 | 01-06-2021 | - | - |

### 1-2-1 വാർഷിക കണക്കിലെ അപാകത

നിഷ്ക്രിയ ബാങ്ക് അക്കൗണ്ടുകൾ നിലനിർത്തുന്നു

വിവിധ പദ്ധതികളുടെ നടത്തിപ്പിനായി ആരംഭിച്ച ബാങ്ക് അക്കൗണ്ടുകൾ ഇടപാടുകൾ നടത്താതെ

നിഷ്ക്രിയമായി അവശേഷിക്കുന്നതായി വാർഷിക കണക്കുകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ടു. 2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം താഴെ പറയുന്ന ബാങ്ക് അക്കൗണ്ടുകൾ പണമിടപാടുകൾ ഇല്ലാത്താണ്. ഈ അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് തുകകളുടെ വിശദാംശം താഴെ ചേർക്കുന്നു.

| അക്കൗണ്ട് നമ്പർ | 01.04.20ലെ മുന്നിരിപ്പ് | 31.03.21ലെ നീക്കിയിരിപ്പ് |
|---|---|---|
| Sasharatha Syndicate Bank 24404 | 95 | 95 |
| Co-operative Bank Saksharatha 2620 | 174 | 174 |

ഓഡിറ്റ് അന്വേഷണം നം. 19/12-07-2022 നുള്ള മറുപടിയിൽ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനപ്രകാരം അക്കൗണ്ട് ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

2. അഡ്വാൻസ് ക്രമീകരിച്ചത് രേഖപ്പെടുത്തിയിട്ടില്ല

അഡ്വാൻസ് രജിസ്റ്റർ പ്രകാരം Festival Advance - 2019-20 ലെ നീക്കിയിരിപ്പ് 0 എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 2020-21 മുന്നിരിപ്പ് 3000/- എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18 പ്രകാരം (-)3000/- രൂപ തിരിച്ചടവാക്കാനുള്ളതായി കാണിച്ചിട്ടുണ്ട്. ആയത് ക്രമീകരിച്ചിട്ടില്ല. ലഭ്യമാക്കിയ മറുപടിയിൽ ആയത് പരിശോധിച്ച് ക്രമീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

3. കേന്ദ്രാവിഷ്കൃതം (ഐ.സി.ഡി.എസ്), ബ്ലോക്ക് പഞ്ചായത്ത് ഷെയറുകളുടെ ഫണ്ട് വിവരം, മറ്റ് ഏജൻസികളിൽനിന്ന് ലഭ്യമാകുന്ന ഫണ്ടുകളുടെ വിവരം എന്നിവ രേഖപ്പെടുത്തുന്നതിന് അപ്രോപ്രിയേഷൻ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

ഓഡിറ്റ് അന്വേഷണം 19/12-07-2022 ന് മറുപടിയായി രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 7009114 |
| വരവ് | 29369605 |
| ആകെ | 36378719 |
| ചെലവ് | 31159640 |
| നീക്കിയിരിപ്പ് | 5219079 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ്/ ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 0 | 35530000 | 35530000 | 11504735 | 24025265 |
| വികസനഫണ്ട് -എസ്.സി.പി | 0 | 3473648 | 3473648 | 300000 | 3173648 |
| വികസനഫണ്ട് -ടി.എസ്.പി | 0 | 2083601 | 2083601 | 375000 | 1708601 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 6942900 | 6942900 | 0 | 6942900 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 7769613 | 7769613 | 2643923 | 5125690 |

| | | | | | |
|---|---|---|---|---|---|
| സി.എഫ്.സി-അൺടൈഡ് ഗ്രാന്റ് | 0 | 32981334 | 32981334 | 4799848 | 28181486 |
| സി.എഫ്.സി-ടൈഡ് ഗ്രാന്റ് | 0 | 0 | 0 | 0 | 0 |

എ)കേന്ദ്രാവിഷ്കൃതം

| | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| ICDS | 3368020 | 350250 | 3718270 | 0 | 3718270 |
| Sanitation | 181549 | 0 | 181549 | 0 | 181549 |
| Solid Waste Management | 1200000 | 0 | 1200000 | 0 | 1200000 |

ബി) തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 1713 | 563,099 | 564812 | 564812 | 0 |
| തൊഴിലാളികളുടെ വേതനം | 0 | 5528984 | 5528984 | 5528984 | 0 |
| ആകെ | 1713 | 6092083 | 6093796 | 6093796 | 0 |

സസ്ഥാനാവിഷ്കാവിഷ്കൃതം

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| ശുചിത്വ മിഷൻ | 0 | 653122 | 653122 | 0 | 653122 |

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 140 | 94804598 | 55 | 20027706 | | 85 | 39 |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രോജക്ടുകളുടേയും നടപ്പാക്കിയ പ്രോജക്ടുകളുടേയും വിവരം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 0 | 0 | 0 | 0 | 0 |
| വെറ്ററിനറി സർജ്ജൻ | 3 | 3 | 7825000 | 1335000 | 17 |
| മെഡിക്കൽ ഓഫീസർ-CHC | 6 | 5 | 1350000 | 1064631 | 79 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 1 | 1 | 200000 | 200000 | 100 |
| വി.ഇ.ഒ -1 | 4 | 1 | 10408000 | 440000 | 4 |
| വി.ഇ.ഒ -2 | | | | | |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 4 | 4 | 2757000 | 2219173 | 80 |
| സെക്രട്ടറി | 26 | 17 | 12464794 | 4997350 | 40 |

| | | | | | |
|---|---|---|---|---|---|
| എച്ച്.എം | 1 | 1 | 500000 | 428026 | 86 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 86 | 16 | 56089804 | 7925468 | 14 |
| അസി.സെക്രട്ടറി | 7 | 5 | 2210000 | 600000 | 60 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 1000000 | 818058 | 82 |
| ആകെ | 140 | 55 | 94804598 | 20027706 | 21 |

### 1-5-1 പദ്ധതി ആസൂത്രണത്തിൽ ഗ്രാമപഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കണക്കിലടുക്കുന്നില്ല-ഫണ്ടുകൾ ലാപ്സ് ആകുന്നു

തൻവർഷം വകയിരുത്തിയ ആകെ തുകയുടെ 21% മാത്രമാണ് ചെലവഴിക്കുവാൻ സ്ഥാപനത്തിന് സാധിച്ചിട്ടുള്ളത്.

തൻവർഷം വികസന ഫണ്ട്, മെയ്ന്റനൻസ് ഗ്രാന്റ് ഇനങ്ങളിൽ ലഭ്യമായ ആകെ തുക 8.87 കോടി രൂപയാണ്. ആയതിൽ 1.96 കോടി രൂപ മാത്രമാണ് ചെലവഴിക്കുവാൻ സാധിച്ചിട്ടുള്ളത്. 6.91 കോടി രൂപ ലാപ്സ് ആയത് ഗൗരവപൂർവ്വം വീക്ഷിക്കേണ്ടതാണ്.

ഭൂരിഭാഗം നിർവ്വഹണ ഉദ്യോഗസ്ഥർക്കും തുക ചെലവഴിക്കുവാൻ സാധിക്കാതെ വന്നിട്ടുണ്ട്. നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകളാൽ ഉത്പാദന, സേവന, നിർമ്മാണ മേഖലകളിൽ വകയിരുത്തുന്ന തുക ചെലവഴിക്കുവാൻ സാധിക്കാത്ത സാഹചര്യം നിലവിലുണ്ട്.
കൃത്യമായ മുന്നൊരുക്കം നടത്തി പ്രോജക്ടുകൾ ആവിഷ്കരിക്കുവാനും പരമാവധി തുക ചെലവഴിക്കുവാനും ശ്രദ്ധിക്കേണ്ടതുണ്ട്.

മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

പ്രാദേശികവും ഭൂമിശാസ്ത്രപരവും ജനസംഖ്യാപരവുമായ പ്രത്യേകതകൾ കാരണം പദ്ധതി നിർവ്വഹണം, ഭരണ നിർവ്വഹണം, പശ്ചാത്തല വികസനം എന്നീ മേഖലകളിൽ ഗ്രാമപഞ്ചായത്ത് നേരിടുന്ന വെല്ലുവിളികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹാര നടപടികൾ സ്വീകരിക്കുവാൻ സ്റ്റാന്റിംഗ് കമ്മിറ്റികളും ഭരണസമിതിയും മുൻകൈ എടുക്കേണ്ടതാണ്.

### 1-6 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 1713 | 563,099 | 564812 | 564812 | 0 |
| തൊഴിലാളികളുടെ വേതനം | 0 | 5528984 | 5528984 | 5528984 | 0 |
| ആകെ | 1713 | 6092083 | 6093796 | 6093796 | 0 |

### 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | തൊഴിൽരഹിത വേതനം | 0 | 0 |
| 2 | കർഷക തൊഴിലാളി പെൻഷൻ | 0 | 0 |
| 3 | വിധവാ പെൻഷൻ | 3,868,700.00 | 268 |
| 4 | വാർദ്ധക്യകാല പെൻഷൻ | 7,936,200.00 | 541 |

| | | | |
|---|---|---|---|
| 5 | വികലാംഗ പെൻഷൻ | 907,700.00 | 61 |
| 6 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 11,300.00 | 1 |

## 1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 6-07-2022 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. തുകയൊന്നും വരവില്ലെന്ന് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

തനത് വരുമാനം കുറവായതിനാൽ ദൈനം ദിന ആവശ്യങ്ങൾക്കുപോലും ഫണ്ട് ഇല്ലാത്തി സ്ഥിതിവിശേഷം ഗ്രാമപഞ്ചായത്തിലുണ്ട്. ആയത് പരിഹരിക്കുന്ന തിനുള്ള കാര്യക്ഷമമായ ഇടപെടൽ ഉണ്ടായിട്ടില്ല.

സംയുക്ത പ്രോജക്റ്റിനായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭ്യമായ തുക വക മാറ്റി ചെലവഴിച്ചിട്ടുണ്ടെങ്കിലും ഉത്തവാദപ്പെട്ടവർ പരിഹാര നടപടികൾ സ്വീകരിച്ചിട്ടില്ല.

മുൻകൂർ രജിസ്റ്റർ, ഓഡിറ്റ് ഓബ്ജക്ഷൻ രജിസ്റ്റർ മുതലായവയുടെ സൂക്ഷിപ്പിൽ കൃത്യതയില്ല. പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ മിനിറ്റ്സ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

തനത് ഫണ്ടിൽ നിന്നും മുൻകൂർ ആയി തൊഴിലുറപ്പ് പദ്ധതിയുടെ ഭരണച്ചെലവിനായ നൽകുന്ന തുകകൾ സമയബന്ധിതമായി തിരികെ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പാക്കുന്നില്ല.

പഴയ കെട്ടിടത്തിൽ നിന്നും പുതിയ കെട്ടിടത്തിലേക്ക് ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനം മാറ്റിയ സാഹചര്യത്തിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാനുണ്ട്. ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമായിട്ടുള്ള ഗ്രാമപഞ്ചായത്തിന് ആയത് നിലനിർത്തുവാൻ ആവശ്യമായ തുടർനടപടികൾ ഉണ്ടാകേണ്ടതുണ്ട്.

2022-23 വർഷം മുതൽ ILGMS സംവിധാനത്തിലൂടെ ഫയലുകൾ കൈകാര്യം ചെയ്യുവാൻ ആരംഭിച്ചിട്ടുണ്ട്. സെക്ഷനുകൾ വിവിധ ജോലികൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നുണ്ടെന്ന് നിരീക്ഷിക്കുവാൻ ഉന്നതാധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

4/2013 ൽ നടന്ന അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 2008-09 മുതൽ 2012-13വരെയുള്ള കണക്കുകളാണ് പരിശോധിച്ചിട്ടുള്ളത്.

പെർഫോമൻസ് ഓഡിറ്റ് വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. ആയതിന്റെ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

## 1-11 തനത് ഫണ്ടിന്റെ സ്ഥിതി വിലയിരുത്തൽ

പ്രധാന വരവിനങ്ങളായ തൊഴിൽ നികുതി, വസ്തു നികുതി, വാടക എന്നിവയുടെ പിരിവ് കാര്യക്ഷമമല്ലാത്തതും തനത് വിഭവ സ്രോതസ്സുകൾ കുറവായതും തനത് വരുമാനത്തെ സാരമായി ബാധിച്ചിട്ടുണ്ട്. ഡെപ്പോസിറ്റ്, മറ്റ സ്ഥാപനങ്ങളില്ർ നിന്നുള്ള വിഹിതം മുതലായ ബാധ്യതാ തുകകൾ പോലും ചെലവഴിക്കേണ്ടി വന്നിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

2020-21 വർഷത്തെ തനത് ഫണ്ട് മുന്നിരിപ്പ്

Syndicate Bank (23440)- 2,332,164

Co-operative Bank -1647 -29,803

Treasury - Own Fund-VPFA- 1,000,000

Treasury TSB A/C – 12,450

അകെ- 3374417

ബാധ്യത-മുന്നിരിപ്പ്

Grants & Contribution For Specific Purpose -7847997

ബാക്കി - (-) 4473580

31-3-2022 ലെ സാമ്പത്തിക സ്ഥിതി

തനത് ഫണ്ട് നീക്കിയിരിപ്പ് - 816887

ബാധ്യത – 8048906

ബാക്കി - (-) 7232019

അനിവാര്യ ചുമതലകളും എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളും നിർവ്വഹിക്കുന്നതിനായി മാത്രം വലിയൊരു തുക ആവശ്യമുള്ള ഗ്രാമപഞ്ചായത്തിന് ജി.പി.ജി, തനത് ഫണ്ട് എന്നിവ ചെലവുകൾ നിർവ്വഹിക്കുവാൻ പര്യാപ്തമല്ല.

കൃത്യമായ കണക്കുകൾ സഹിതം ഗ്യാപ് ഫണ്ടിന് അപേക്ഷിക്കാത്തതിനാൽ തൻവർഷവും മുൻവർഷങ്ങളിലും സ്ഥാപനത്തിന് അർഹമായ ഗ്യാപ് ഫണ്ട് ലഭ്യമായിട്ടില്ല.

ധനസ്ഥിതി വിലയിരുത്തി ഫണ്ടിന്റെ അപര്യാപ്തത ഉചിതമാർഗ്ഗേന സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിലേക്കായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-12 പഞ്ചായത്ത് കെട്ടിടങ്ങളുടെ വാടക പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്

2018-19 വർഷത്തിൽ 42 കടമുറികളാണ് വാടകയ്ക്ക് നൽകിയിരുന്നത്. 2019-20 & 2020-21 സാമ്പത്തിക വർഷങ്ങളിലെ വാടക ഡിമാന്റ് രജിസ്റ്റർ പ്രകാരം നിലവിലുള്ള വാടകക്കാർക്കു തന്നെ 10% വാടക വർദ്ധിപ്പിച്ചാണ് കടമുറികൾ നല്കിയിട്ടുള്ളത്. നിലവിൽ 9 മുറികൾ ഒഴിഞ്ഞു കിടക്കുന്ന സ്ഥിതിയാണുള്ളത്. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാടക മുറികളുടെ വാടക രേഖകളുടെ പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ തുടർ ഖണ്ഡികകളായി ചേർക്കുന്നു.

### 1-12-1 ഒഴിഞ്ഞു കിടക്കുന്ന മുറികളുടെ വിവരം

വാടക രജിസ്റ്റർ പ്രകാരം 13/217 മുതൽ 13/220 വരെ നമ്പറുള്ള മുറികൾ 17-07-2019 വരെ മാത്രമാണ് വാടകയ്ക്ക് നല്കിയിട്ടുള്ളത്. 27,500/- രൂപ ഈ ഇനത്തിൽ ലഭ്യമായിരുന്നു. തുടർന്ന് നാളിതുവരെ വാടക നിശ്ചയിച്ച് നൽകിയിട്ടില്ല.

5/297a, 5/298a, 5/310a, 9/69, 5/298b എന്നീ മുറികളും ഒഴിഞ്ഞു കിടക്കുകയാണ്.

കടമുറികൾ ഒഴിച്ചിട്ടതുമൂലം വാടകയിനത്തിൽ നഷ്ടമുണ്ടായിട്ടുണ്ട്.

ഓഡിറ്റ് അന്വേഷണം നം.13/11-07-2022 ന് 13/217 മുതൽ 13/220 വരെയുള്ള കെട്ടിടങ്ങൾ 7/2017 വരെ വാടകയ്ക്ക് നല്കിയിട്ടുള്ളതാണെന്നും വാടക കുടിശ്ശിക കാരണം ഈ കെട്ടിടം ഒഴിപ്പിക്കുകയും കോവിഡിനെതുടർന്ന് വാടകയ്ക്ക് നല്കാൻ കഴിയാത്ത അവസ്ഥയാണ് ഉണ്ടായതെന്നും അറിയിച്ചിട്ടുള്ളത്. മെയിന്റനൻസ് വർക്ക് നടത്താതെ ഉപയോഗിക്കാൻ പറ്റാത്ത അവസ്ഥയിലാണെന്നും മെയിന്റനൻസ് നടത്തി കെട്ടിടം ഉപയോഗപ്രദമാക്കിയ ശേഷം വാടകയ്ക്ക് നല്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

1. നിലവിൽ വാടകയ്ക്ക് നല്കാത്തതും അതിനനുയോജ്യമല്ലാത്ത കെട്ടിടങ്ങൾക്ക് ആവശ്യമായ അറ്റകുറ്റപണി നടത്തി വാടകയ്ക്ക് നൽകുവാനും വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

2. വാടക അടയ്ക്കുന്നതിൽ കാലതാമസം വരുത്തുന്നവർക്ക് അറിയിപ്പ് നൽകി വാടക യഥാസമയം ഈടാക്കുന്നുണ്ടെന്ന് മേലാധികാരികൾ ഉറപ്പു വരുത്തേണ്ടതാണ്.

### 1-12-2 വണ്ടിത്താവളം ലേലം ചെയ്തില്ല

2017-18 സാമ്പത്തിക വർഷത്തിൽ കേശവൻ പാറയിലെ വാഹനം പാർക്ക് ചെയ്യുന്ന വണ്ടിത്താവളത്തിൽ നിന്നും 31.08.2017 ന് 58500/- രൂപ ലേലം ഇനത്തിൽ ലഭ്യമായിട്ടുണ്ട്. തുടർന്നുള്ള വർഷങ്ങളിൽ ഈ ഇനത്തിൽ തുകയൊന്നും ലഭ്യമായിട്ടില്ല.
ലേലം നടത്തുന്നതിന് പത്രപരസ്യത്തിനായി ബിൽ നം. 393 തീയതി 1.1.2020 പ്രകാരം 4489/- ചെലവാക്കിയിട്ടുണ്ടെങ്കിലും വണ്ടിത്താവളം ലേലം ചെയ്തതായി കാണുന്നില്ല.

ഓഡിറ്റ് അന്വേഷണം നം. 13/11-07-2022 ന് വാഹനം പാർക്ക് ചെയ്യുന്ന വണ്ടിത്താവളം 2017-18 വരെ ലേലം ചെയ്തിട്ടുണ്ടെന്നും 2018-19 വർഷത്തിൽ ലേലം നടത്തിയെങ്കിലും ഫോറസ്റ്റിന്റെ എതിർപ്പ് കാരണം ലേലം റദ്ദാക്കുകയാണ് ചെയ്തിട്ടുള്ളതെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

വണ്ടിത്താവളം പഞ്ചായത്തിന്റെ ആസ്തിയായതിനാലും 2017-18 വരെ ലേലം ചെയ്തിട്ടുള്ളതിനാലും കംഫർട്ട് സ്റ്റേഷനും മറ്റ് അനുബന്ധ സൗകര്യങ്ങളും കൂടി ഉൾകൊള്ളിച്ച് പ്രവർത്തനക്ഷമമാക്കി വിനോദ സഞ്ചാര മേഖലയിൽ നിന്നും പഞ്ചായത്തിന് നല്ലൊരു വരുമാനം ഉറപ്പാക്കേണ്ടതാണ്.
വനം വകുപ്പിൽ നിന്നുള്ള തടസ്സം ഒഴിവാക്കുന്നതിനുള്ള നിയമപരമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-12-3 വാടക കുടിശ്ശികയുടെ വിവരം

2020-21 ലെ വാർഷിക ധനകാര്യ പത്രിക പ്രകാരം കുടിശ്ശികയായി 1186491/- രൂപയും തൻവർഷം 499270/- രൂപയും പിരിച്ചെടുക്കാനുണ്ട്. പ്രധാന വരുമാന മാർഗ്ഗങ്ങളിലൊന്നായ വാടകയിനത്തിലെ വരവ് കൃത്യമായി ഈടാക്കാനാകാത്തത് വീഴ്ചയായി കാണുന്നു.
2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖ. 1-13 ൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആകെ വാടക കെട്ടിടങ്ങളുടെ വിവരം, കുടിശ്ശിക ഡിമാന്റ് വിവരം എന്നിവ തയ്യാറാക്കി സൂക്ഷിക്കുവാനും വാടക കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാനും ആവശ്യപ്പെട്ടിരുന്നു. ആയത് തയ്യാറാക്കി കാണുന്നില്ല. ഓഡിറ്റ് അന്വേഷണം നം. 13/11-07-2022 ന് ഗ്രാമപഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ലക്സിന്റെ വരവ് കൃത്യമായി പരിച്ചെടുക്കുന്നതാണെന്നും 2018 പ്രളയം, കോവിഡ് സാഹചര്യം മൂലം കാര്യമായ വരുമാനം ഇല്ലാതായതായി എന്ന മറുപടിയാണ് നല്കിയിട്ടുള്ളത്. വിനോദ സഞ്ചാരികളെ മാത്രം ആശ്രയിച്ച് കഴിയുന്ന വ്യാപാര സ്ഥാപനങ്ങളും റിസോർട്ടുകളും അടച്ചുപൂട്ടേണ്ട അവസ്ഥ ആയിരുന്നതിനാലാണ് ഷോപ്പിംഗ് കോംപ്ലക്സിന്റെ വരവിൽ കുടിശ്ശിക ഉണ്ടായതെ ന്നും ആയത് ഈടാക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നതായും അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആകെ വാടക കെട്ടിടങ്ങളുടെ വിവരം, കുടിശ്ശിക ഡിമാന്റ് വിവരം എന്നിവ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും തുക ഈടാക്കി പഞ്ചായത്തിന്റെ വരുമാന നഷ്ടം ഒഴിവാക്കേണ്ടതാണ്.
നിലവിലെ വാടക കുടിശ്ശിക കൃത്യമായി കണക്കാക്കി രജിസ്റ്റർ ക്രമീകരിക്കേണ്ടതും തുക അടവാക്കിയ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-12-4 കെ.എസ്.ഇ.ബി യിൽ നിന്നും വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല

2008-09 വർഷം മുതൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 13/225 നമ്പർ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കെ.എസ്.ഇ.ബി ഓഫീസിന്റെ വാടക ഈടാക്കുന്നതിന് മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ (2012-13 മുതൽ) പരാമർശങ്ങൾ ഉണ്ടായിട്ടും നാളിതുവരെയായും വാടക ഈടാക്കിയിട്ടില്ല. അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ (ഇലക്ട്രിക്കൽ ഡിവിഷൻ, ചിറ്റൂർ) 15.06.2020 തീയതിയിലെ GB/fixztion Of Rent- Nelliyampathy/2019-20/149 പ്രകാരം 9/2019 മുതലുള്ള പ്രതിമാസം 6000/- രൂപ നിരക്കിൽ വാടക അടവാക്കാനുള്ളതായാണ് അറിയിച്ചിട്ടുള്ളത്.

ഓഡിറ്റ് അന്വേഷണം 13/11-07-2022 ന് 2008-09 വർഷം മുതൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കെ.എസ്.ഇ.ബി ഓഫീസിന്റെ വാടക ഈടാക്കുന്നതിന് പല തവണ കത്ത് നല്കിട്ടുള്ളതായും സ്ക്വയർഫീറ്റ് നിശ്ചയിച്ച് വാടക അടവാക്കുന്നതാണെന്നുമുള്ള വിവരം അറിയിച്ചിട്ടുണ്ട്. കുടിശ്ശിക ഉൾപ്പടെയുള്ള വാടക അടപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

2008 മുതലുള്ള വാടക കുടിശ്ശിക കെ.എസ്.ഇ.ബി യിൽ നിന്നും ഈടാക്കേണ്ടതാണ്.

കുടിശ്ശിക ഉൾപ്പടെയുള്ള വാടക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-12-5 കെട്ടിടങ്ങൾ പ്രയോജനപ്പെടുത്തുന്നില്ല

വിനോദ സഞ്ചാര മേഖലയിൽ നിന്നും പരമാവധി വരവ് ഉറപ്പാക്കുന്ന രീതിയിൽ പഞ്ചായത്ത് വക കെട്ടിടങ്ങൾ ഉപയോഗപ്പെടുത്തി പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചതായും കാണുന്നില്ല.

ഓഡിറ്റ് അന്വേഷണം നം.13/11-07-2022 ന് പഞ്ചായത്ത് കെട്ടിടങ്ങൾ പ്രയോജനപ്പെടുത്തി തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്തിന്റെ ശ്രദ്ധയിൽപെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്

ഓഡിറ്റ് നിർദ്ദേശം

1. നിലവിൽ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന മുറികൾ കൂടി വിനോദ സഞ്ചാരികൾക്ക് പ്രയോജനപ്പെടുന്ന രീതിയിൽ മാറ്റിയെടുത്ത് തനത് വരുമാനം വർദ്ധിപ്പിക്കാവുന്നതുമാണ്.

2. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള എല്ലാ വാടക കെട്ടിടങ്ങളിൽ നിന്നും അർഹതപ്പെട്ട വരുമാനം ഉറപ്പു വരുത്തുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഉണ്ടാകേണ്ടതാണ്.

### 1-13 വസ്തു നികുതി രേഖകളുടെ പരിശോധനയിന്മേലുള്ള കണ്ടെത്തലുകൾ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വസ്തു നികുതി പരിഷ്കരിക്കുന്നതിനായി കേരള പഞ്ചായത്ത് രാജ്(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, 2011 പുറപ്പെടുവിക്കുകയുണ്ടായി. തുടർന്ന്, 2013 ൽ ഭേദഗതി ചട്ടങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. പഴയ നികുതിദായകർക്ക് 1-4-2013 മുതൽക്കാണ് പുതുക്കിയ നിരക്ക് ബാധകമാക്കിയത്. ചട്ടങ്ങൾ പ്രകാരം സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന പുതിയ ഉപയോഗക്രമങ്ങൾക്കുള്ള നികുതി നിർണ്ണയ വിജ്ഞാപനങ്ങൾ പ്രകാരമുള്ള അടിസ്ഥാന നികുതി നിരക്ക് അതത് സ്ഥാപനങ്ങൾ നിശ്ചയിച്ച് പഞ്ചായത്ത് തീരുമാനം എടുത്ത് സഞ്ചയയിൽ ചേർക്കേണ്ടതാണ്. ഇക്കാര്യത്തിൽ വീഴ്ച വരുത്തിയാൽ കെട്ടിടങ്ങളുടെ നികുതി തെറ്റായി നിർണ്ണയിക്കുന്നതിനിടയാക്കുന്നതാണ്. പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ ചേർക്കുന്നു.

### 1-13-1 ഭേദഗതി വിജ്ഞാപനം പ്രകാരം വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ചിട്ടില്ല

24.02.2015 ലെ സ.ഉ(അ) നം. 36/2015/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച (എസ്.ആർ.ഒ നം. 100/2015) വിജ്ഞാപനം പ്രകാരം താഴെ പറയുന്ന കൂട്ടിച്ചേർക്കലുകൾ വരുത്തിയത് സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തി കാണുന്നില്ല.

| ക്രമ നം. | ഉപയോഗക്രമം | കുറഞ്ഞ നിരക്ക് | കൂടിയ നിരക്ക് |
|---|---|---|---|
| 1 | സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ | 30 | 60 |
| 2 | വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിൻറെ മാത്രം അവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം, | 3 | 5 |

| | | | |
|---|---|---|---|
| | കാന്റീൻ വർക്ക്ഷോപ്പ് | | |
| 3 | മൈക്രോ സ്മാൾ ആൻറ് മീഡിയം എന്റർപ്രൈസസ് ഡെവലപ് മെന്റ് ആക്റ്റ്, 2006 (2006 ലെ 27) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ | 15 | 25 |
| 4 | ആയുർവേദ സുഖചികിത്സാകേന്ദ്രങ്ങൾ | 150 | 160 |
| 5 | റസിഡൻഷ്യൽ ഹോം സ്റ്റേകൾ<br>സ.ഉ(അ)നം.53/2020/തസ്വഭവ തിയതി 8-9-2020 (എസ്.ആർ.ഒ നമ്പർ 575/2020) പ്രകാരം | 10 | 25 |

വിജ്ഞാപനം പ്രകാരം ഉപയോഗക്രമങ്ങൾക്ക് ബാധകമായ നികുതി നിരക്കുകൾ നിശ്ചയിച്ച് ആയതിനനുസൃതമായി സഞ്ചയ ഡാറ്റയിൽ മാറ്റങ്ങൾ വരുത്തി കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയിക്കാനും ഓഡിറ്റ് റിപ്പോർട്ട് 2018-19 ഖ 1-10-1 ൽ നിർദ്ദേശിച്ചിരുന്നു.

ഭേദഗതി വിജ്ഞാപനം പ്രകാരമുള്ള വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ചയിക്കാ ത്തതിനുള്ള കാരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണം നം. 10/11-07-2022 ന് മറുപടിയായി വിജ്ഞാപനം പ്രകാരമുള്ള നികുതി നിരക്കുകൾ അടുത്ത പഞ്ചായത്ത് കമ്മിറ്റിയിൽ അംഗീകാരം വാങ്ങി സഞ്ചയ ഡാറ്റയിൽ ആവശ്യമായ ഉൾപ്പെടുത്തലുകൾ വരുത്തുന്നതാണ് എന്നാണ് അറിയിച്ചിട്ടുള്ളത്.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13-2 ഡാറ്റാ പ്യൂരിഫിക്കേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടും സഞ്ചയ ഡാറ്റയിൽ അപാകതകൾ നിലനിൽക്കുന്നു

വസ്തുനികുതി വർദ്ധനവ് പരിമിതപ്പെടുത്തിയ താഴെ പറയുന്ന കെട്ടിടങ്ങളുടെ ഉപയോഗക്രമം വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നതിന് പകരം വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു. ഇതുമൂലം നികുതി നഷ്ടം ഉണ്ടാകുന്നില്ലെങ്കിലും തെറ്റായ ഡാറ്റ സഞ്ചയയിൽ തുടരുന്നതിനിടയാക്കുന്നു.

| ക്രമ നം. | കെട്ടിട നം. | ഉപയോഗ ക്രമം | വിസ്തീർണ്ണം (ച.മീ) | പരിമിത പ്പെടുത്തിയ വസ്തുനികുതി |
|---|---|---|---|---|
| 1 | 2/255 | ഗോഡൗൺ | 130 | 479 |
| 2 | 6/100 | ഗോഡൗൺ | 120 | 908 |
| 3 | 8/84 | ഗോഡൗൺ | 120 | 240 |

ഡാറ്റാ പ്യൂരിഫിക്കേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടും അപാകതകൾ തുടരുന്നതിന് കാരണം ലഭ്യമാക്കാൻ നല്കിയ ഓഡിറ്റ് അന്വേഷണം നം.10/ 11-07-2022 ന് മറുപടിയായി പ്രസ്തുത കെട്ടിടങ്ങളുടെ ഉപയോഗക്രമം 100 ച.മീ മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നാക്കി സഞ്ചയയിൽ മാറ്റം വരുത്തി എന്നാണ് അറിയിച്ചിട്ടുള്ളത്.

സഞ്ചയയിൽ ഈ കെട്ടിടങ്ങളുടെ വിവരങ്ങൾ പരിശോധിച്ചതിൽ കെട്ടിട നമ്പർ 2/255 ഫയൽ സ്റ്റാറ്റസ് പ്രകാരം ഡാറ്റാ എൻട്രി ഓൺഗോയിംഗ് എന്നും കെട്ടിട നമ്പറുകളായ 6/100, 8/84 എന്നവയുടെ ഉപയോഗക്രമത്തിൽ മാറ്റം വരുത്തിയതായും കാണുന്നില്ല.

ഡാറ്റാ പ്യൂരിഫിക്കേഷൻ ഓപ്പണാകുന്ന സമയത്ത് ആയത് തിരുത്തൽ വരുത്തേണ്ടതും വിവരം രേഖാമൂലം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-13-3 വസ്തു നികുതി നിർണ്ണയത്തിലെ അപാകത പരിഹരിച്ചിട്ടില്ല

2018-19 വർഷത്തെ റിപ്പോർട്ടിൽ വസ്തു നികുതി നിർണ്ണയിച്ചതിലെ അപാകത ചൂണ്ടികാണിച്ചത്

നാളിതുവരെയായും സഞ്ചയ ഡാറ്റയിൽ തിരുത്തൽ വരുത്തിയിട്ടില്ല. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഖണ്ഡിക നം. | കെട്ടിട നമ്പർ | അപാകത |
|---|---|---|---|
| 1 | 1-10-2 | | ഘടനാപരമായി മാറ്റം വന്ന കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകത |
| | ക്രമ നം.5 | 7/133 | |
| | ക്രമ നം.7 | 8/45 | |
| | ക്രമ നം.8 | 8/151 | |
| | ക്രമ നം.9 | 12/18 | |
| 2 | 1-10-3 | 4/124 4/105, 106, 107, 108 | റിസോർട്ടുകളുടെ വസ്തുനികുതി നിർണ്ണയിക്കൽ (പഞ്ചായത്ത് പ്രദേശത്തെ റിസോർട്ടുകളുടെ വിവരങ്ങൾ ശേഖരിച്ച് വസ്തുനികുതി നിർണ്ണയത്തിൽ മാറ്റം വരുത്താൻ നിർദ്ദേശിച്ചിരുന്നു) |

ഈ അപാകതകൾ പരിഹരിക്കാത്തതിനുള്ള കാരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട ഓഡിറ്റ് അന്വേഷണം നം. 10/11-07-2022 ന് ക്രമ നമ്പർ 2 ൽ ഉൾപ്പെട്ട റിസോർട്ടുകൾക്ക് ലോഡ്ജ് എന്ന ഉപയോഗക്രമം മാറ്റി റിസോർട്ട് എന്ന് സഞ്ചയിൽ തിരുത്തൽ വരുത്തിയതായാണ് അറിയിച്ചിരിക്കുന്നത്.

സഞ്ചയ ഡാറ്റ പരിശോധിച്ചതിൽ ക്രമ നമ്പർ 1, 2 എന്നിവയിൽ സൂചിപ്പിച്ച കെട്ടിടങ്ങളെല്ലാം തന്നെ വേരിഫിക്കേഷൻ പെന്റിംഗ് സ്റ്റാറ്റസിലാണ് ഉൾപ്പെട്ടിരിക്കുന്നത്.

ഓഡിറ്റ് നിർദ്ദേശം

സഞ്ചയ സോഫ്റ്റ്‌വെയറിൽ ലോഡ്ജ് എന്ന വിഭാഗത്തിൽ ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള മറ്റ് റിസോർട്ടുകൾ ഉൾപ്പെടുന്നുണ്ടെങ്കിൽ ബാധകമായ നിരക്കിൽ വസ്തു നികുതി പുനർ നിർണ്ണയിക്കേണ്ടതാണ്.
ഡാറ്റ കൃത്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-13-4 മോബൈൽ ടവറുകളുടെ വസ്തുനികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്

1. സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം ഗ്രാമപഞ്ചായത്തിൽ 2/186 കെട്ടിട നമ്പർ നല്കിയിട്ടുള്ള മൊബൈൽ ടവറിന്റെ വസ്തു നികുതി ഇനത്തിൽ കുടിശ്ശികയായി 55440/-രൂപ ഈടാക്കാനുണ്ട്. മാനേജിംഗ് ഡയറക്ടർ, പോബ്സ് എസ്റ്റേറ്റ് പ്രൈവറ്റ് ലിമിറ്റഡ് എന്നാണ് ഉടമയുടെ പേരായി രേഖപ്പെടുത്തിയിട്ടുള്ളത്. നിലവിൽ അപ്രൂവൽ പെന്റിംഗ് സ്റ്റാറ്റസിൽ കടക്കുന്ന ഈ മൊബൈൽ ടവറിന്റെ നിന്നും കുടശ്ശിക ഈടാക്കാത്തതിനുള്ള കാരണം ലഭ്യമാക്കാൻ നല്കിയ ഓഡിറ്റ് അന്വേഷണം നം. 10/11-07-2022 ന് മറുപടിയായി 2/186 നമ്പറുള്ള ബി.എസ്.എൻ. എൽ ടവറിന്റെ വസ്തു നികുതി 2021-22 വരെ അടവാക്കിയിട്ടുള്ളതാണെന്ന് അറിയിച്ചിട്ടുണ്ട്. വൺടൈം കറക്ഷൻ മുഖേന മേൽക്കൂരയുടെ തരം മാറ്റുന്നതിന് പ്രൊസസ്സ് ചെയ്യുകയും വൺടൈം കറക്ഷൻ പെട്ടെന്ന് ക്ലോസ് ചെയ്തതിനാൽ അപ്രൂവ് ചെയ്യാൻ സാധിക്കാതെ വരുകയും ആയത് എനേബിൾ ചെയ്യുന്നതിന് ഡി.ഡി.പി.ക്ക് അപേക്ഷ നല്കിയതായും അറിയിച്ചിട്ടുണ്ട്.

വൺടൈം കറക്ഷൻ മുഖേന ആവശ്യമായ മാറ്റം (മേൽക്കൂരയുടെ തരം) വരുത്തുമ്പോൾ കുടിശ്ശിക കൂടി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2.അനധികൃത മൊബൈയിൽ ടവറിന്റെ വസ്തു നികുതി നിർണ്ണയിച്ചിട്ടില്ല
ഗ്രാമപഞ്ചായത്ത് കെട്ടിടത്തിന്റെ അതിർത്തിയിൽ പ്രർത്തിക്കുന്ന ബി.എസ്.എൻ.എൽ ടവറിന്റെ വസ്തുനികുതി നിർണയിക്കുകയോ നമ്പർ നൽകി വസ്തുനികുതി ഈടാക്കുകയോ ചെയ്തിട്ടില്ല എന്ന് മുൻ ഓഡിറ്റ് റിപ്പോർട്ട് (2017-18) ഖ2-4, 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖ . 1-10-4 എന്നിവയിൽ ചൂണ്ടികാണിച്ചിട്ടും ഈ അനധികൃത മൊബൈയിൽ ടവറിന്റെ ക്രമവത്ക്കരിക്കുന്നതിനായി കോംപൗണ്ടിങ് ഫീസിനു തുല്ല്യമായ തുക ഈടാക്കി കെട്ടിട നമ്പർ അനുവദിച്ച് വസ്തു നികുതി

ഈടാക്കാനുള്ള നടപടി സ്വീകരിച്ച കാണുന്നില്ല. ഓഡിറ്റ് അന്വേഷണം 10-11/07-2022 ന് മറുപടിയായി ബി.എസ്.എൻ. എൽ ടവറിന്റെ നികുതി നിർണ്ണയിക്കുന്നതിനായി രേഖകൾ ഹാജരാക്കുന്നതിനായി കത്ത് നല്കിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല. വനമേഖലയായതിനാലും എല്ലാവരും ബി.എസ്.എൻ.എൽ സിം ഉപയോഗിക്കുന്നതിനാലും വലിയ പ്രത്യാഘാതമുണ്ടാകുമെന്ന കാരണത്തിലാണ് സ്റ്റോക്ക് മെമ്മോ നല്കാതിരുന്നതെന്ന് അറിയിച്ചിട്ടുണ്ട്. ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധയിൽപെടുത്തി ടവറിന് കെട്ടിട നമ്പർ നല്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

അനധികൃതമായി പ്രവർത്തിക്കുന്ന മൊബൈൽ ടവറിന് കോംപൗണ്ടിങ് ഫീസിനു തുല്യമായ തുക ഈടാക്കി ക്രമവത്ക്കരിച്ച് വസ്തു നികുതി ഈടാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-14 തൊഴിൽനികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 പ്രകാരം ഓരോ അർദ്ധ വർഷവും പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും ബാധകമായ തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. പഞ്ചായത്തിന്റെ തൊഴിൽ നികുതി രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

### 1-14-1 ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, റിട്ടേൺസ് എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി 2020-21 സാമ്പത്തിക വർഷത്തിൽ ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല എന്ന് കണ്ടെത്തി. ഡിമാന്റ് രജിസ്റ്ററിൽ ചില സ്ഥാപനങ്ങളുടെ പേര് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ജീവനക്കാരുടെ പേരും തൊഴിൽ നികുതി ഡിമാന്റും രജിസ്റ്ററിൽ ചേർത്തിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ/ ജീവനക്കാരുടെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | വി.ഇ.ഒ ഓഫീസ് | 1 |
| 2 | പോസ്റ്റ് ഓഫീസ്, ചന്ദ്രാമല | I |
| 3 | പോസ്റ്റ് ഓഫീസ്, സീതാർകുണ്ട് | I |
| 4 | പോസ്റ്റ് ഓഫീസ്, പാടഗിരി | I |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തിനുള്ള കാരണം ലഭ്യമാക്കാൻ നല്കിയ ഓഡിറ്റ് അന്വേഷണം നം. 18/12-07-2022 ന് ലഭ്യമാക്കിയ മറുപടിയിൽ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി അടിയന്തിരമായി പിരിച്ചെടുക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. പഞ്ചായത്തിന്റെ പരിധിയിലുള്ള തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ വിവരങ്ങൾ അടങ്ങുന്ന തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്ററിൽ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

### 1-14-2 സ്ഥാപന നികുതി ഈടാക്കിയിട്ടില്ല

താഴെ പറയുന്ന സ്ഥാപനങ്ങളിലെ 2020-21 ലെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | കാലയളവ് |
|---|---|---|
| 1 | മാവേലി സ്റ്റോർ | 1&2 |

| | | |
|---|---|---|
| 2 | മണലാറോ എസ്റ്റേറ്റ് (AVT) | 2 |
| 3 | പോബ്സ് എസ്റ്റേറ്റ് | 1&2 |
| 4 | ഓറിയന്റൽ എസ്റ്റേറ്റ് | 2 |
| 5 | ഗ്രീൻലാന്റ് ഫാം ഹൗസ് | 1&2 |
| 6 | ഗ്രീൻ ഏക്കേഴ്സ് എസ്റ്റേറ്റ് | 1&2 |

മേൽ സ്ഥാപനങ്ങളുടെ സ്ഥാപന നികുതി ഈടാക്കാത്തതിനുള്ള കാരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം നം.18/12-07-2022 ന് തൊഴിൽ നികുതി അടിയന്തിരമായി പിരിച്ചെടുക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

തൊഴിൽനികുതി അടവാക്കാൻ ബാധ്യതയുള്ള സ്ഥാപനങ്ങളുടെ വിവരങ്ങൾ കൃത്യമാക്കേണ്ടതും സമയബന്ധിതമായി ഡിമാന്റ് നോട്ടീസ് നൽകി തുക ഈടാക്കേണ്ടതാണ്.
തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-14-3 എസ്റ്റേറ്റ് ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള എസ്റ്റേറ്റുകളിൽ ജോലി ചെയ്യുന്ന ഒരു അർദ്ധ വർഷത്തിൽ (അറുപത് ദിവസത്തിൽ കുറയാത്തത്) ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. എസ്റ്റേറ്റുകളുടെ വിവരം ചുവടെ ചേർക്കുന്നു.

1. പോബ്സ് എസ്റ്റേറ്റ്
2. റാണിമേട് എസ്റ്റേറ്റ്
3. കാരപ്പാറ (A)എസ്റ്റേറ്റ്
4. കാരപ്പാറ (B)എസ്റ്റേറ്റ്, കൈരളി എസ്റ്റേറ്റ്
5. ബ്രൂക്ക് ലാന്റ് എസ്റ്റേറ്റ്
6. അലക്സാഡ്രിയ എസ്റ്റേറ്റ്
7. പുല്ലാല എസ്റ്റേറ്റ്
8. മീര ഫ്ലോർസ് എസ്റ്റേറ്റ്
9. രവിവർമ്മ എസ്റ്റേറ്റ്

എസ്റ്റേറ്റ് ജോലിക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തിന്റെ കാരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട നല്കിയ ഓഡിറ്റ് അന്വേഷണം 18/12-07-2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിലെ എസ്റ്റേറ്റ് ജീവനക്കാരുടെ (60 ദിവസത്തിൽ കൂടുതൽ പ്രവൃത്തി ചെയ്തിട്ടുള്ള) തൊഴിൽ നികുതി റിട്ടേണുകൾ സമർപ്പിക്കുവാൻ ആവശ്യപ്പെടേണ്ടതും റിട്ടേണുകളുടെ അടിസ്ഥാനത്തിൽ ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-15 ചെലവഴിക്കാത്ത തുകകൾ തിരിച്ചടക്കേണ്ടതാണ്

2020-21 വാർഷിക ധനകാര്യ പത്രിക ബാലൻസ് പ്രകാരം താഴെ പറയുന്ന തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. തുകകൾ നാളിതുവരെയായി ചെലവഴിച്ചിട്ടുള്ളതായി കാണുന്നില്ല.

| ഹെഡ് | തുക ലഭിച്ച വർഷം | ബാലൻസ് തുക B-4 | തുക നൽകിയ സ്ഥാപനം | ഉദ്ദേശ്യം |
|---|---|---|---|---|
| 320700204 | 2018-19 | 1500000 | ബ്ലോക്ക് പഞ്ചായത്ത് | കുട്ടികളുടെ പാർക്ക് |
| 320100203 | 2018-19 | 1200000 | ബ്ലോക്ക് പഞ്ചായത്ത് | ഖര മാലിന്യ സംസ്കരണം |

വാർഷിക ധനകാര്യ പത്രിക 40-B പ്രകാരം ട്രഷറി ടി.എസ്.ബി ജോയിന്റ് വെഞ്ചർ അക്കൗണ്ടിലെ ബാലൻസ് തുക ₹12450/- ആണ്. തുക വക മാറ്റി ചെലവഴിച്ചിട്ടുണ്ട്.

തുകകൾ ചെലവഴിക്കാതിരുന്നതിനു തുക വക മാറ്റി ചെലവഴിച്ചതിനും വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം. 16/11-7-2022 ന് ആയത് സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി ഓഡിറ്റിനെ അറിയിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

മറ്റു സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാകുന്നതും ചെലവഴിക്കുന്നതുമായ തുകയുടെ കൃത്യത ഉറപ്പാക്കുന്നതിനായി ഒരു രജിസ്റ്റർ രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിക്കേണ്ടതാണ്.

ചെലവഴിക്കാത്ത തുകകൾ തിരിച്ചടക്കേണ്ടതുമാണ്.

തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-16 പാലക്കുഴി ജലവൈദ്യുതപദ്ധതി- ഷെയർ സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ്

പ്രോജക്ട് നം. 18/21 -പാലക്കുഴി ജലവൈദ്യുത പദ്ധതിക്ക് ഗ്രാമപഞ്ചായത്ത് വിഹിതം
നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി
അടങ്കൽ -₹2,00,000 (വികസനഫണ്ട് -ജനറൽ)
ചെലവ് -₹2,00,000 (ബിൽ നം 4/17.4.2020)

പാലക്കുഴി ജലവൈദ്യുത പദ്ധതിക്കായി മേൽപറയും പ്രകാരമുള്ള തുക പാലക്കാട് ജില്ലാപഞ്ചായത്തിലേക്ക് കൈമാറിയിട്ടുണ്ട്. ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ നടപ്പാക്കുവാൻ ലക്ഷ്യമിട്ട് ആവിഷ്കരിച്ചിട്ടുള്ള ജലവൈദ്യുത പദ്ധതി പൂർത്തീകരിച്ചിട്ടില്ല. എന്നാൽ വിഹിതം നൽകിയ സ്ഥാപനം എന്ന നിലയിൽ നൽകിയ തുകയ്ക്കുള്ള ഷെയർ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് (നം.4/10.7.2022) ഷെയർ സർട്ടിഫിക്കറ്റ് ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണ് എന്നും ടി തുക വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കുന്നതുമാണ് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

പദ്ധതിയുടെ പൂർത്തീകരണത്തിനു ശേഷം ലാഭവിഹിതം ഉറപ്പാക്കുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതും നൽകിയ തുകയ്ക്കുള്ള ഷെയർ സർട്ടിഫിക്കറ്റ് ലഭ്യമാക്കി സൂക്ഷിക്കേണ്ടതും ഷെയർ വാല്യൂ ഗ്രാമപഞ്ചായത്ത് വാർഷിക ധനകാര്യപത്രികയുടെ ഇൻവെസ്റ്റ്മെന്റ് ഹെഡിൽ കൊണ്ടുവരേണ്ടതുമാണ്. തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-17 തൊഴിലുറപ്പ് വിഭാഗം - തനതു ഫണ്ടിൽ നിന്നും നൽകിയ തുക ക്രമീകരിച്ചിട്ടില്ല

അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ തൊഴിലുറപ്പ് വിഭാഗത്തിന് ശമ്പള ഇനത്തിൽ താഴെ പറയും പ്രകാരം തുകകൾ തനതു ഫണ്ടിൽ നിന്നും നൽകിയതായി കാണുന്നു.

| | |
|---|---|
| മുന്നിരിപ്പ് | ₹ 266336 |
| അഡ്വാൻസ് നൽകിയത് | ₹781284 |
| ക്രമീകരിച്ചത് | ₹533812 |
| ക്രമീകരിക്കാൻ ബാക്കി | ₹247472 |

ക്രമീകരിക്കാൻ ബാക്കിയുള്ള ₹247472 ക്രമീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.9/10.7.2022ന് തൊഴിലുറപ്പ് പദ്ധതി ജീവനക്കാർക്ക് ശമ്പളവും മറ്റ് ഭരണപരമായ ചെലവുകളും തനതു ഫണ്ടിൽ നിന്നാണ് മുൻകൂറായി നൽകി വരുന്നതെന്നും തൊഴിലുറപ്പ് ജീവനക്കാർക്കായി നൽകിയ തുക പഞ്ചായത്തിന് തിരികെ അനുവദിക്കുന്ന മുറയ്ക്ക് ആയത് ക്രമീകരിക്കുന്നതാണ് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-18 വൃദ്ധർക്ക് കട്ടിൽ -മുഴുവൻ കട്ടിലുകളും വിതരണം ചെയ്തിട്ടില്ല

പ്രൊജക്ട് നം.40/21– വൃദ്ധർക്ക് കട്ടിൽ

അടങ്കൽ -₹900000/- [Plan (G)]

ചെലവ് -₹900000/- (ബിൽ നം. 20/16.10.2020)

നിർവഹണ ഉദ്യോഗസ്ഥൻ -സെക്രട്ടറി

വൃദ്ധർക്ക് കട്ടിൽ എന്ന പദ്ധതി പ്രകാരം ആർട്കോ, പാലക്കാടിൽ നിന്ന് നേരിട്ട് കട്ടിലുകൾ വാങ്ങിയിട്ടുണ്ട്. ഒരു കട്ടിലിന് 3685 രൂപ + 18% GST (4348) പ്രകാരം 207 കട്ടിലുകളാണ് വാങ്ങിയിട്ടുള്ളത്. വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ 184 കട്ടിലുകളാണ് വിതരണം ചെയ്തിട്ടുള്ളത്. 23 എണ്ണം വിതരണം ചെയ്യാൻ അവശേഷിക്കുന്നു. മുഴുവൻ കട്ടിലുകളും വിതരണം ചെയ്യാതിരുന്നതിന് വിശദീകരണം ലഭ്യമാക്കാനും കട്ടിലുകൾ വിതരണം ചെയ്യാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 7/10.7.2022 ന് നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിൽ തോട്ടം തൊഴിലാളികൾ ആയതിനാൽ തൊഴിൽ കാലാവധി കഴിഞ്ഞാൽ നെല്ലിയാമ്പതിയിൽ നിന്ന് താമസം മാറി പോകുന്നതിനാലാണ് കട്ടിലുകൾ വിതരണം ചെയ്യാതെ അവശേഷിച്ചതെന്നും പഞ്ചായത്ത് തീരുമാന പ്രകാരം പുതിയ അപേക്ഷകൾ വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും വിതരണം ചെയ്യാത്ത കട്ടിലുകൾ പഞ്ചായത്ത് കെട്ടിടത്തിൽ സൂക്ഷിച്ചിട്ടുള്ളത് പരിശോധനയ്ക്ക് വിധേയമാക്കിയിട്ടു ണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

23 കട്ടിലുകൾ പഞ്ചായത്ത് കെട്ടിടത്തിൽ സൂക്ഷിച്ചിട്ടുണ്ട് എന്നറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രാദേശിക പരിശോധന നടത്തിയതിൽ മുറി മുഴുവൻ മാലിന്യം ശേഖരിച്ച കവറുകൾ നിറച്ചിരുന്നതിനാൽ കട്ടിലുകൾ കണ്ടെത്താൻ സാധിച്ചിട്ടില്ല. എം.എസ്.എഫ് ആയി പ്രവർത്തിച്ചിരുന്നതാണ് പ്രസ്തുത കെട്ടിടം എന്നും അറിയിച്ചിട്ടുണ്ട്.


കട്ടിലുകൾ സൂക്ഷിച്ചിരിക്കുന്ന സ്ഥലം

യഥാർത്ഥ ആവശ്യകത വിലയിരുത്തി മാത്രം വാങ്ങലുകൾ നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. കട്ടിലുകൾ വിതരണം ചെയ്യുന്നതുവരെ വിതരണം ചെയ്യാത്ത 23 കട്ടിലുകളുടെ വിലയായ 100004 രൂപ (23x4348) തടസ്സത്തിൽ വെക്കുന്നു.

വിതരണം ചെയ്യാത്ത കട്ടിലുകൾ വിതരണം ചെയ്ത് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-19 ഓൺലൈൻ പഠന സൗകര്യം ഒരുക്കൽ -ടെലിവിഷനുകൾ സ്ഥാപിച്ചതിന് രേഖകൾ ഇല്ല - ₹462240/- തടസ്സപ്പെടുത്തുന്നു

പ്രൊജക്ട് നം.181/21- ഓൺലൈൻ പഠന സൗകര്യം ഒരുക്കൽ

അടങ്കൽ -₹500000/- [Plan (G)]

ചെലവ് -₹462240/- (ബിൽ നം. 21/20.11.2020)

നിർവഹണ ഉദ്യോഗസ്ഥൻ -സെക്രട്ടറി

പഞ്ചായത്തിനു കീഴിലുള്ള ടി.വി ഇല്ലാത്ത അംഗൻവാടികൾക്ക് ടി.വി, സ്റ്റെബിലൈസർ എന്നിവ വാങ്ങുന്നതിനും ഒരു വർഷത്തേക്ക് റീചാർജ് ചെയ്യുന്നതിനും ആണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ആയതനുസരിച്ച് ക്ഷണിച്ചപ്പോൾ ലഭ്യമായ 2 ക്വട്ടേഷനിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ബ്ലെസ്സ് അസോസിയേറ്റ്സ്, സെന്റ് ഫ്രാൻസിസ് ബിൽഡിംഗ്, എളവള്ളി, തൃശ്ശൂർ എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ 18.9.2020 ലെ 1/7ാം നം. ഭരണ സമിതി തീരുമാനം പ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇൻവോയ്സ് നം. 16/26.9.2020 പ്രകാരം സ്ഥാപനം വിതരണം ചെയ്ത സാധനങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ഇനം | എണ്ണം | നിരക്ക്/ ഒരെണ്ണം | GST | ആകെ വില |
|---|---|---|---|---|---|
| 1 | LG LED 32 Inch Smart TV | 18 | 17788.14 | 57633.56 | 377820 |
| 2 | V Guard Srabilizer | 18 | 1686.44 | 5464.07 | 35820 |
| 3 | SunDirect DTH Recharge & Activation | 18 | 2288.14 | 7413.56 | 48600 |
| | ആകെ | | | | 462240 |

മേൽ പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ.(പി)നം.259/2010/തസ്വഭവ തിയതി, 8.11.2020 പ്രകാരം മതിപ്പുവില 100000 രൂപയിൽ കൂടുതലുള്ള വാങ്ങലുകൾക്ക് ഓപ്പൺ ടെണ്ടർ ആണ് ബാധകം. എന്നാൽ ക്വട്ടേഷൻ ക്ഷണിച്ചാണ് സാധനങ്ങൾ വാങ്ങിയിരിക്കുന്നത്. ക്വട്ടേഷനുകളുടെ കുറഞ്ഞ എണ്ണം മൂന്ന് ആയിരിക്കണം എന്ന വ്യവസ്ഥയും പാലിച്ചിട്ടില്ല.
- വാങ്ങൽ നടപടികൾ അംഗീകരിച്ച പ്രൊക്യൂർമെന്റ് കമ്മിറ്റി മിനുട്സ് പരിശോധനക്ക് ഹാജരാക്കിയില്ല.
- ടി.വി വിതരണം ചെയ്ത സ്ഥാപനവുമായി ചമച്ച എഗ്രിമെന്റിൽ യാതൊരു വ്യവസ്ഥയും ചേർത്തിട്ടില്ല.
- സെക്രട്ടറിയുടെ നടപടിക്രമം നം. എ4/1114/2020 തിയതി 11.11.2020 പ്രകാരം അംഗൻവാടികളിൽ ടി.വി വിതരണം ചെയ്തതിനുള്ള ചെലവ് ബ്ലെസ്സ് അസോസിയേറ്റ്സ് എന്ന സ്ഥാപനത്തിന് നൽകുന്നതിന് ഉത്തരവാകുന്നു എന്ന് രേഖപ്പെടുത്തി സ്ഥാപനത്തിന് തുക കൈമാറിയിട്ടുണ്ട്. എന്നാൽ സ്ഥാപനം ഏതെല്ലാം ഇടങ്ങളിൽ ടി.വി സ്ഥാപിച്ചിട്ടുണ്ട് എന്നുള്ള സാക്ഷ്യപത്രം സമർപ്പിച്ചിട്ടില്ല.
- ഏതെല്ലാം ഇടങ്ങളിൽ ടി.വി. സ്ഥാപിച്ചു എന്നുള്ള അംഗൻവാടി/മറ്റു സ്ഥാപനങ്ങളുടെ സാക്ഷ്യപത്രം ഇല്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം. 8/10.7.2022ന് നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിൽ നെറ്റ് സൌകര്യം ഇല്ലാത്തതിനാലും കോവിഡ് കാലമായതിനാലും വിദ്യാർത്ഥികൾക്ക് പഠന സൗകര്യം ലഭ്യമല്ലാത്ത അവസ്ഥ നിലനിന്നതിനാൽ അടിയന്തിരമായി അംഗൻവാടികളിലും സ്കൂളുകളിലും ടി.വി., സ്റ്റെബിലൈസർ എന്നിവ വാങ്ങി നൽകുന്നതിനും ഡിഷ് സ്ഥാപിക്കുന്നതിനുമാണ് ക്വട്ടേഷൻ ക്ഷണിച്ചതെന്നും വളരെ അടിയന്തിരമായി പരിഹരിക്കേണ്ട പ്രശ്നം ആയതിനാലാണ് ക്വട്ടേഷൻ വിളിച്ച് പദ്ധതി നടപ്പിലാക്കിയതെന്നും കോവിഡ് കാലമായതിനാൽ പ്രൊക്യൂർമെന്റ് കമ്മിറ്റി വിളിച്ചെങ്കിലും യോഗത്തിൽ ആരും പങ്കെടുത്തിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. ടി.വി. വിതരണം ചെയ്ത എഗ്രിമെന്റ് എഴുതി തയ്യാറാക്കി വെക്കുന്നതാണെന്ന മറുപടി തൃപ്തികരമല്ല. ഓൺലൈൻ പഠനസൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി ടി.വി. സ്ഥാപിച്ച അംഗൻവാടികളിൽ നിന്നും രസീതി വാങ്ങി സൂക്ഷിച്ചിട്ടില്ല എന്നും ആയത് വാങ്ങി ഓഡിറ്റിന് ഹാജരാക്കുന്നതാണ് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

18 ടി.വി കൾ ഏതെല്ലാം ഇടങ്ങളിലാണ് സ്ഥാപിച്ചിട്ടുള്ളത് എന്നുള്ള സാക്ഷ്യപത്രവും ടി.വി കളുടെ നിലവിലെ സ്ഥിതിയും ലഭ്യമാക്കുന്നതു വരെ ചെലവ് തുക ₹462240/- തടസ്സത്തിൽ വയ്ക്കുന്നു.
രേഖകൾ ലഭ്യമാക്കി തടസ്സവാദം ഒഴിവാക്കേണ്ടതാണ്.

## 1-20 ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്കുകളുടെ പരിപാലനം കാര്യക്ഷമമാക്കേണ്ടതാണ്

1994 ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിലെ പട്ടിക III ലെ ക്രമ നമ്പർ 15 പ്രകാരം തെരുവു വിളക്കുകൾ സ്ഥാപിക്കേണ്ടതും പരിപാലിക്കേണ്ടതും ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. ഗ്രാമപഞ്ചായത്തിലെ തെരുവു വിളക്കുകളുടെ പരിപാലനത്തിലെ കാര്യക്ഷമത വിലയിരുത്തിയതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു. 2019-20, 2020-21 വർഷങ്ങളിൽ

സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പ്രതിമാസ ബില്ലുകളാണ് പരിശോധനക്ക് വിധേയമാക്കിയത്.

2019-20, 2020-21 വർഷങ്ങളിൽ താഴെ പറയും പ്രകാരം വൈദ്യുതി ചാർജ് അടവാക്കിയിട്ടുണ്ട്. തനതു ഫണ്ട് പര്യാപ്തമല്ലാത്തതിനാൽ മെയിന്റനൻസ് ഫണ്ട് (റോഡിതരം) വകയിരുത്തിയാണ് വൈദ്യുതി ചാർജ് ഒടുക്കിയിട്ടുള്ളത്. 2019-20, 20-21 വർഷങ്ങളിൽ അറ്റകുറ്റപണികൾക്കായി തുകയൊന്നും വകയിരുത്തിയിട്ടില്ല.

| വർഷം | തുക |
|---|---|
| 2019-20 | 787659 |
| 2020-21 | 923654 (Metered)<br>96795 (Unmetered) |

എ. മീറ്ററിനു കീഴിലുള്ള ലാമ്പുകളുടെ വിവരം

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള തെരുവ് വിളക്കുകൾക്ക് ഭാഗികമായി മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഓരോ മീറ്ററിംഗ് പോയിന്റിനും ഒരോ കൺസ്യൂമർ നമ്പർ അനുവദിച്ചിട്ടുണ്ട്. 64 കൺസ്യൂമർ നമ്പറുകളിലുള്ള തെരുവു വിളക്കുകൾക്കാണ് മീറ്ററിംഗ് ഏർപ്പെടുത്തിയിരിക്കുന്നത്. ഈ കൺസ്യൂമർ നമ്പറിനു കീഴിൽ എത്ര തെരുവ് വിളക്കുകൾ ഉണ്ടെന്നതിന് വ്യക്തതയില്ല. തെരുവ് വിളക്കുകളിൽ മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്താത്തവ ഇപ്പോഴും ഉണ്ട്.

ബി. മീറ്ററിംഗ് സംവിധാനത്തിനു കീഴിലല്ലാത്ത ലാമ്പുകളുടെ വിവരം

കൺസ്യൂമർ നം. 1165127000001 പ്രകാരം മീറ്ററിംഗ് സംവിധാനമില്ലാത്ത തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് താരിഫ് റേറ്റിന്റെ അടിസ്ഥാനത്തിൽ KSEB യിലേക്ക് അടവാക്കി വരുന്നുണ്ട്.

മീറ്ററിംഗ് സംവിധാനമില്ലാത്തവയിൽ കെഎസ്ഇബിയിൽ നിന്നുള്ള താരിഫ് നിശ്ചയിച്ചതു പ്രകാരമുള്ള വിളക്കുകളുടെ 15.1.2020ലെ എണ്ണം താഴെ കൊടുക്കുന്നു. ഇതിൻപ്രകാരം 7.7.2019 വരെ വൈദ്യുതി ചാർജ്ജ് ₹24421/- ഉം 8.7.2019 വരെ ₹26852/- ഉം ആണ്.

| തെരുവ് വിളക്കുകളുടെ തരം | എണ്ണം |
|---|---|
| ട്യൂബ് ലൈറ്റ് | 25 |
| എൽ ഇ ഡി | 449 |
| സോഡിയം വേപ്പർ ലാമ്പ് | 15 |
| സി എഫ് എൽ | 28 |
| ആകെ | 517 |

മേൽ സൂചിപ്പിച്ച ലാമ്പുകൾ യഥാർത്ഥത്തിൽ നിലവിലുള്ളതാണോ എന്ന് ഉറപ്പാക്കാതെയാണ് വൈദ്യുതി ചാർജ്ജ് ഒടുക്കി വരുന്നത്. ഊർജ്ജ ഉപഭോഗം കൂടുതലുള്ള അത്തരം ലാമ്പുകൾ ഒഴിവാക്കേണ്ടതാണെന്ന സർക്കാർ നിർദ്ദേശം നിലവിലുണ്ട്.

ഓഡിറ്റ് എൻക്വയറി നം. 5/10.7.2020ന് തെരുവു വിളക്കുകളുടെ കൃത്യമായ എണ്ണം കണക്കാക്കുന്നതിന് കെ.എസ്.ഇ.ബി.യുമായി സംയുക്ത പരിശോധന നടത്തിയിട്ടുണ്ട് എന്നും ആയതിന്റെ രേഖകൾ കെ.എസ്.ഇ.ബി ഓഫീസിൽ നിന്നും ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണ് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തെരുവു വിളക്കുകളുടെ വിവരം വ്യക്തമാക്കുന്ന രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നതാണ് എന്നും 2018-19 വർഷത്തിലാണ് തെരുവു വിളക്കുകൾ സ്ഥാപിച്ചിട്ടുള്ളതെന്നും 2019-20, 2020-21 വർഷങ്ങളിൽ പരാതികൾ വരാത്തതു കൊണ്ടാണ് അറ്റകുറ്റപണികൾ ചെയ്യാതിരുന്നത് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

- കെ.എസ്.ഇ.ബി ഉദ്യോഗസ്ഥരും, പഞ്ചായത്ത് അധികൃതരും ഒരു സംയുക്ത പരിശോധനയിലൂടെ പ്രവർത്തനക്ഷമവും അല്ലാത്തതുമായ തെരുവ് വിളക്കുകളുടെ വിശദാംശങ്ങൾ തിട്ടപ്പെടുത്തേണ്ടതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ തെരുവ് വിളക്കുകളുടെ രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

- എൽ.ഇ.ഡി ലാമ്പുകൾക്ക് ശരാശരി 50000 മണിക്കൂർ ആയുസ്സ് ഉള്ളതിനാൽ 10 വർഷത്തിൽ അധികം നിലനിൽക്കുന്നതാണ്. ആയതിനാൽ നിലവിലുള്ള ഊർജ്ജ ഉപഭോഗം കൂടുതലുള്ള ലാമ്പുകൾക്ക് പകരം ഘട്ടം ഘട്ടമായി എൽ.ഇ.ഡി ലാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.
- എല്ലാ തെരുവു വിളക്കുകളും മീറ്ററിനു കീഴിൽ കൊണ്ടു വരുവാൻ നടപടികൾ സ്വീകരിക്കേണ്ടതും തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ് കുറവു ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. തെരുവു വിളക്കുകൾ വാങ്ങുന്നത് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ കണക്കിലെടുക്കേണ്ടതാണ്. 25000 രൂപയിൽ അധികരിച്ചുള്ള വാങ്ങലുകളുടെ കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ GeM പോർട്ടലിൽ അവ ഉണ്ടെങ്കിൽ അവ GeM മുഖേന വാങ്ങുവാൻ ശ്രദ്ധിക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-21 കുടിവെള്ള പദ്ധതികളുടെ പരിപാലനം കാര്യക്ഷമമാക്കേണ്ടതാണ്

നിർവഹണ ഉദ്യോഗസ്ഥൻ -സെക്രട്ടറി

40 കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ് ഇനത്തിൽ താഴെ പറയും പ്രകാരം തുകകൾ അടച്ചിട്ടുണ്ട്. തനതു ഫണ്ട് പര്യാപ്തമല്ലാത്തതിനാൽ മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) വകയിരുത്തിയാണ് തുക അടവാക്കിയിട്ടുള്ളത്.

| പ്രൊജക്ട് നം. | ബിൽ നം./തിയതി | തുക |
|---|---|---|
| 21/21 (Spill Over) | 23/22.1.2021 | 419508 |
| | 25/22.1.2021 | 77133 |
| | 1/17.4.2020 | 256122 |
| 26/21 | 34/5.3.2021 | 70830 |

ഗ്രാമപഞ്ചായത്തിലെ കുടിവെള്ള പദ്ധതികൾ ഏതൊക്കെയാണെന്നും മേൽ കുടിവെള്ള പദ്ധതികളിൽ എത്ര പൊതു ടാപ്പുകൾ ഉണ്ടെന്നും ഉള്ള വിവരങ്ങൾ ലഭ്യമല്ല. ഭൗതിക പരിശോധന നടത്തി ആകെയുള്ള കുടിവെള്ള പദ്ധതികളുടെ കൃത്യത ഉറപ്പാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം. 6/10.7.2022ന് ഗ്രാമപഞ്ചായത്ത് നടത്തുന്ന 40 കുടിവെള്ള പദ്ധതികളുടെ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല എന്നും ആയത് അടിയന്തിരമായി തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കുന്നതാണ് എന്നും ഭൗതിക പരിശോധന നടത്തി ആകെയുള്ള പൊതു ടാപ്പുകൾ, ജലം ലഭ്യമാകുന്ന ടാപ്പുകൾ, പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ എന്നിവയുടെ വിവരം ഉറപ്പു വരുത്തി ഓഡിറ്റിനെ അറിയിക്കുന്നതാണ് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ആവശ്യമില്ലാത്ത പദ്ധതികൾ ഒഴിവാക്കി വൈദ്യുതി ചാർജ്ജ് കുറവു ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-22 കോവിഡ് പ്രവർത്തനങ്ങൾ - സാധന സാമഗ്രികളുടെ പുനരുപയോഗം ഉറപ്പാക്കേണ്ടതാണ്

പ്രൊജക്ട് നം. 166/21 – കോവിഡ് 19 ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകളുടെ ചെലവുകൾ

അടങ്കൽ - ₹440000/- Plan (Gen)

ചെലവ് -₹220123/- (ബിൽ നം. 18/16.10.2020)

₹217400/- (ബിൽ നം. 19/16.10.2020)

ആകെ -₹437523/-

============

നിർവഹണ ഉദ്യോഗസ്ഥൻ -സെക്രട്ടറി

കോവിഡ് 19 ന്റെ ഭാഗമായി ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകളിലേക്കു വേണ്ടി താഴെ പറയുന്ന സാധനങ്ങൾ വാങ്ങിയിട്ടുണ്ട്.

| ക്രമ | സ്ഥാപനത്തിന്റെ പേര്/ | ഇനം | എണ്ണം |
|---|---|---|---|

| | | | |
|---|---|---|---|
| നം. | ഇൻവോയ്സ് നം. | | |
| 1 | ഗൃഹലക്ഷ്മി,<br>പൊള്ളാച്ചി റോഡ്,<br>കൊല്ലങ്കോട്<br>C.0545/25.7.2020 | Water Container - 16l. | 1 |
| | | ഫ്രിഡ്ജ് -LG | 1 |
| | | എമർജൻസി ലൈറ്റ് | 4 |
| | | പ്ലാസ്റ്റിക് ചെയർ | 10 |
| 2 | ഗൃഹലക്ഷ്മി,<br>പൊള്ളാച്ചി റോഡ്,<br>കൊല്ലങ്കോട്<br>C-0559/29.7.2020 | കട്ടിൽ | 35 |
| 3 | ആർട്കോ ലിമിറ്റഡ്,<br>പാലക്കാട്<br>92/24.8.2020 | കട്ടിൽ<br>8mm Plywood Top<br>Front Leg 60cm.<br>Back Leg 50cm. | 50 |

നിലവിൽ സിഎഫ്എൽടിസി പ്രവർത്തിക്കാത്തതിനാൽ മേൽ സാധനങ്ങളുടെ നിലവിലെ സ്ഥിതി അറിയിക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം. 3/10.7.2022ന് അവശേഷിക്കുന്ന സാധനങ്ങൾ പഞ്ചായത്ത് വക കെട്ടിടത്തിൽ സൂക്ഷിച്ചിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

സിഎഫ്എൽടിസിക്കു വേണ്ടി വാങ്ങിയ കട്ടിലുകൾ പഞ്ചായത്ത് ഓഫീസിനു സമീപത്തെ കെട്ടിടത്തിൽ സൂക്ഷിച്ചിരിക്കുന്നതായി കണ്ടെത്തി. ഇതോടൊപ്പം മറ്റു പ്രൊജക്ടുകൾക്കു വേണ്ടി വാങ്ങിയ കട്ടിലുകളും ഉണ്ട്. അതിനാൽ സിഎഫ്എൽടിസിക്കു വേണ്ടി വാങ്ങിയ കട്ടിലുകളുടെ കൃത്യത പരിശോധിച്ച് ഉറപ്പാക്കാൻ സാധിച്ചിട്ടില്ല. ഫ്രിഡ്ജ് പഞ്ചായത്ത് കോംമ്പൗണ്ടിൽ തന്നെയുള്ള പഞ്ചായത്തിന്റെ കെട്ടിടത്തിൽ സൂക്ഷിച്ചിരിക്കുന്നതായി കണ്ടെത്തി. വാട്ടർ കണ്ടൈനർ, എമർജൻസി ലൈറ്റുകൾ, ചെയറുകൾ എന്നിവ എവിടെയാണെന്ന വിവരം ലഭ്യമല്ല.





ചിത്രം – കട്ടിലുകൾ, ഫ്രിഡ്ജ്

നിലവിൽ സിഎഫ്എൽടിസികൾ പ്രവർത്തിക്കാത്തതിനാൽ മേൽ സാധനങ്ങളുടെ നിലവിലെ സ്ഥിതി പരിശോധിക്കേണ്ടതും പുനരുപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതുമാണ്.

1-23 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ -അവലോകനം

2020-21 വർഷത്തെ കൊറോണ രണ്ടാം തരംഗത്തിനെതിരെയുള്ള പ്രതിരോധ പ്രവർത്തനങ്ങളിൽ രോഗികൾക്ക് ആവശ്യമായ സഹായങ്ങൾ ഗ്രാമപഞ്ചായത്ത് നൽകിയിട്ടുണ്ട്.

പ്രതിരോധ പ്രവർത്തനത്തിനായുള്ള പദ്ധതികൾ

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക വേണ്ടി 2020-21 വർഷം താഴെ പറയുന്ന പ്രോജക്ടുകൾ ആവിഷ്കരിച്ചിട്ടുണ്ട്.

| പ്രൊജക്റ്റ് | വകയിരുത്തിയ തുക |
|---|---|
| 166/21-കോവിഡ് -19 ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകളുടെ ചെലവുകൾ | 437523 (വികസന ഫണ്ട്) |
| 117/21-ബഡ്ജറ്റ് ഹോട്ടൽ | 58771 (വികസന ഫണ്ട്) |
| 167/21- കോവിഡ് -19 പ്രതിരോധ പ്രവർത്തനം | 14175 (വികസന ഫണ്ട്) |

തനത് ഫണ്ടിൽ നിന്നുള്ള ചെലവുകൾ

ഓഡിറ്റ് വർഷത്തിൽ പ്രതിരോധ സാമഗ്രികൾ വാങ്ങൽ, വാഹന വാടക, ശുചീകരണ പ്രവൃത്തികൾ, പ്രചാരണം (നോട്ടീസ്, ബാനർ, അനൗൺസ്മെന്റ്), സി.എഫ്.എൽ.ടി.സി സെന്റർ വർക്ക്, ക്വാറന്റൈൻ, ഭക്ഷണം, പ്രതിരോധ കുത്തിവെപ്പ് തുടങ്ങിയ പ്രവർത്തനങ്ങൾക്കായി തനത് ഫണ്ടിൽ നിന്നും ആകെ 262095 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഈ ചെലവുകൾ Expenses Related To Pandemic/Epidemic Control എന്ന ഹെഡിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

സി എഫ് എൽ ടി സി

2020-21 വർഷത്തിൽ ക്വാറന്റൈൻ ആവശ്യമുള്ള രോഗികളെ താമസിപ്പിക്കുന്നതിന് ക്വാറന്റൈൻ സെന്റർ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. പോളച്ചിറക്കൽ ഹൈസ്കൂളിലാണ് സെന്റർ പ്രവർത്തിച്ചിരുന്നത്. നിലവിൽ ഹോം ക്വാറന്റൈൻ രീതിയാണ് തുടർന്നുവരുന്നത്. ക്വാറന്റൈനിലുള്ള രോഗികൾക്ക് സൗകര്യം ഒരുക്കുന്നതിനായി താഴെപ്പറയുന്ന സാധനങ്ങൾ വാങ്ങിയിട്ടുണ്ട്.

| വൗച്ചർ നം. | തുക | വാങ്ങിയ സാധനങ്ങൾ |
|---|---|---|
| C-0545/25.7.2020 | 1916.97<br>27228.81<br>7261<br>3933.07 | 1-Water Container 16l.<br>1- LG Refrigerator<br>4 -Castor Emergency<br>10 Plastic Chair |
| C-0546/26.7.2020 | 219334.37<br>28249.74<br>3781.82<br>4598.16 | 25 Ruberised Coir Mattresses<br>50 Bed Sheets<br>25 Coir Pillow<br>920 Pillow Cover |
| C-0559/29.7.2020 | 68828.29<br>21177.85 | 35 Cot<br>25 Ruberised Coir Mattresses |
| 163/25.7.2020 | 68250<br>21000 | 35 |
| 92/24.8.2020 | 217400 | 50 Cot (Artco) |

പഞ്ചായത്ത് ബിൽഡിംഗിലാണ് മേൽപ്പറഞ്ഞ സാധനങ്ങൾ സൂക്ഷിച്ചിട്ടുള്ളത്. നിലവിൽ ഹോം ക്വാറന്റൈൻ രീതി അനുവർത്തിച്ചുവരുന്നതിനാൽ ഈ സാധനങ്ങൾ ഉപയോഗിക്കുന്നില്ല.

ജനകീയ ഹോട്ടൽ

വിശപ്പുരഹിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്തിൽ കുടുംബശ്രീ ഗ്രൂപ്പ് നടത്തുന്ന

ജനകീയ ഹോട്ടൽ ആരംഭിച്ച് പ്രവർത്തനം തുടർന്നു വരുന്നുണ്ട്.

തനത് വരുമാനം കുറവായ പോലുള്ള ഗ്രാമപഞ്ചായത്തിന് കോവിഡ് മഹാമാരി മൂലം അധിക ചെലവ് ഉണ്ടാക്കിയിട്ടുണ്ടെങ്കിലും, ജനങ്ങളുടെ സുരക്ഷ മുൻനിർത്തിയുള്ള പ്രവർത്തനം കാഴ്ചവെക്കാനായിട്ടുണ്ട്.
ഓഡിറ്റ് നിർദ്ദേശം

- കോവിഡിനായി വാങ്ങിയ സാധന സാമഗ്രികളിൽ പുനരുപയോഗിക്കാവുന്നവ അപ്രകാരം ചെയ്യാവുന്ന വിധത്തിൽ സൂക്ഷിച്ചു വയ്ക്കുകയും ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ ഉണ്ടാവുകയും ചെയ്യേണ്ടതാണ്.
- ആരോഗ്യവകുപ്പിന്റെ സമയാസമയത്തുള്ള നിർദ്ദേശങ്ങൾക്കനുസരിച്ച് ആരോഗ്യവകുപ്പുമായി ഏകോപിപ്പിച്ച് കോവിഡ് പ്രതിരോധപ്രവർ ത്തനങ്ങൾ നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-24 ലൈഫ് മിഷൻ ഗുണഭോക്താക്കൾക്ക് തുക നൽകൽ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ – വി.ഇ.ഒ

| | |
|---|---|
| പ്രോജക്റ്റ് നമ്പരും, പേരും | 114/21, ലൈഫ് മിഷൻ ഗുണഭോക്താക്കൾക്ക് തുക നൽകൽ |
| അടങ്കൽ | ₹6800000 (വികസന ഫണ്ട്- ജനറൽ- 6237400, തനത് ഫണ്ട്-562600) |
| ചെലവ് | ₹440000 (വികസന ഫണ്ട്-ജനറൽ) |
| ബിൽ നം. | 112/24.2.21-240000, 113/24.2.21-40000, 127/16.3.21-160000 |

മേൽപറഞ്ഞ പ്രകാരം തുക കൈമാറിയ ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

1. ഉഷ മണികണ്ഠൻ- അയിലൂർ ഗ്രാമപഞ്ചായത്ത്

2. ജീന - അയിലൂർ ഗ്രാമപഞ്ചായത്ത്

3. ഗിരിജ- മേലാർകോട് ഗ്രാമപഞ്ചായത്ത്

മേൽപറഞ്ഞ തുക ഗ്രാമപഞ്ചായത്തുകൾക്ക് തുക നൽകിയതിന്റെ വിനിയോഗ സാക്ഷ്യപത്രവും പ്രവർത്തി പൂർത്തീകരിച്ചതിന്റെ വിവരവും ലഭ്യമാക്കേണ്ടതാണ്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (12/11.07.2022)ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-25 കാർഷിക മേഖലയിൽ പദ്ധതികൾ നടപ്പിലാക്കുന്നതിലെ പരിമിതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്

നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിൽ 2019-20 സാമ്പത്തിക വർഷത്തിൽ കാർഷിക മേഖലയിൽ ഒരു പ്രോജക്റ്റ് ആവിഷ്കരിച്ചെങ്കിലും നടപ്പിലാക്കിയിട്ടില്ല. 2020-21 വർഷത്തിൽ മേൽ പ്രോജക്റ്റ് സ്പിൽഓവർ ആക്കുകയോ പുതിയ പ്രോജക്റ്റ് രൂപീകരിക്കുകയോ ചെയ്തിട്ടില്ല. നടപ്പിലാക്കാത്ത പദ്ധതിയുടെ വിവരം താഴെ ചേർക്കുന്നു.

| പ്രോജക്റ്റ് നം. | പേര് | അടങ്കൽ | ഫണ്ടിനം |
|---|---|---|---|
| 165/20 | പച്ചക്കറി കൃഷി വ്യാപനം (ഗ്രോ ബാഗ്) | 300000 (വികസന ഫണ്ട്- ജനറൽ) | വികസന ഫണ്ട്-ജനറൽ |

കാർഷിക മേഖലയിലെ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ പറ്റാത്ത വിധത്തിൽ ഗ്രാമപഞ്ചായത്ത് നേരിടുന്ന പ്രശ്നങ്ങൾ ഉണ്ടെങ്കിൽ ആയത് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (02/07.07.2022) ക്ക് ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്വന്തമായി ഭൂമിയുള്ളതും നികുതി അടയ്ക്കുന്നതുമായുള്ള

കർഷകർ ഇല്ലാത്തതിനാൽ കൃഷിഭവൻ മുഖാന്തിരമുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിൽ പരിമിതിയുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ പറ്റാത്ത വിധത്തിൽ ഗ്രാമപഞ്ചായത്ത് നേരിടുന്ന പ്രശ്നങ്ങൾ ജനപ്രതിനിധികൾ മുഖേനയോ നേരിട്ടോ സർക്കാരിന്റെ അടിയന്തിരശ്രദ്ധയിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മാർഗ്ഗരേഖയിലെ നിബന്ധനകൾ നെല്ലിയാമ്പതിയിലെ സവിശേഷതകൾക്കു യോജ്യമല്ലെങ്കിൽ ഈ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി സ്വന്തമായി കൃഷിഭൂമിയില്ലാത്തവർക്കും കാർഷികപ്രവൃത്തികൾ നടത്തി ഉപജീവനമാർഗ്ഗം കണ്ടെത്തുന്നതിന് സാധിക്കുന്ന വിധത്തിൽ മാറ്റങ്ങൾ നിർദ്ദേശിക്കാവുന്നതാണ്.

## 1-26 'അംഗൻവാടി പോഷകാഹാരം' പദ്ധതി- ജി.എസ്.ടി 2% ടി.ഡി.എസ് ഈടാക്കിയില്ല

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ 'അംഗൻവാടി പോഷകാഹാരം' പ്രൊജക്ട് പ്രകാരമുള്ള വാങ്ങലുകളിന്മേൽ ഹരിത കുടുംബശ്രീ, വലതല, നെന്മാറ (GSTIN-32AAHFH3926M1Z9) എന്ന സ്ഥാപനത്തിൽ നിന്നും സോഴ്സിൽ നിന്നും ഈടാക്കേണ്ട 2% ടി.ഡി.എസ് ഈടാക്കിയിട്ടില്ല. പ്രൊജക്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് | 31/21, അംഗൻവാടി പോഷകാഹാരം |
| അടങ്കൽ | 100000- വികസന ഫണ്ട്-ജനറൽ |
| | 500000-കേന്ദ്ര വിഹിതം |
| | ആകെ- 1500000 |
| ചെലവ് | 985373- വികസന ഫണ്ട്-ജനറൽ |

ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബിൽ നമ്പർ & തീയതി | തുക | ഇൻ വോയിസുകളുടെ എണ്ണം (ഹരിത കുടുംബശ്രീ) | അമൃതം, ആരോഗ്യ മിക്സ് - തുക |
|---|---|---|---|---|
| 1 | 1/9.7.20 | 259025 | 17 എണ്ണം | 218374 |
| 2 | 2/30.8.20 | 235958 | 13 എണ്ണം | 164775 |
| 3 | 3/27.2.21 | 165155 | 12 എണ്ണം | 165155 |
| 4 | 5/27.2.21 | 191508 | 8 എണ്ണം | 127795 |
| 5 | 8/23.3.21 | 65662 | 4 എണ്ണം | 65662 |
| 6 | 10/29.3.21 | 68065 | 1 എണ്ണം | 4280 |
| | ആകെ | 985373 | ആകെ | 746041 |

2017 ലെ കേന്ദ്ര ജി.എസ്.ടി നിയമം, സംസ്ഥാന ജി.എസ്.ടി. നിയമം എന്നിവയിലെ സെക്ഷൻ 51(1) പ്രകാരം 2.5 ലക്ഷം രൂപയിൽ അധികരിച്ച കരാർ തുകയുള്ള ബില്ലുകളിൽ നിന്നും ഓരോ ശതമാനം വീതം ജി.എസ്.ടി TDS നടത്തേണ്ടതാണ്. മേൽ ഇൻവോയ്സുകൾക്ക് പണം നൽകിയ വേളയിൽ 2% ടി.ഡി.എസ് ഈടാക്കാതെ ജി.എസ്.ടി തുക പൂർണ്ണമായും സപ്ലൈയർക്ക് അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതും, സപ്ലൈയർ ജി.എസ്.ടി തുക അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകളുടെ പകർപ്പും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/11.07.2022) മറുപടിയായി തുടർ വർഷങ്ങളിൽ അപാകതകൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ബിൽ തുക അനുവദിക്കുമ്പോൾ തന്നെ ജി.എസ്.ടി 2% ടി.ഡി.എസ് ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ജി.എസ്.ടി ടി.ഡി.എസ് നടത്താതിരിക്കുക, റിട്ടേൺ ഫയിൽ ചെയ്യാതിരിക്കുക എന്നീ നടപടികൾക്ക് പിഴ ഒടുക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥൻ ബാധ്യസ്ഥനായതിനാൽ ഇക്കാര്യത്തിൽ വീഴ്ച ഉണ്ടാകാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-27 പൂരക പോഷകാഹാര പരിപാടി-ക്ക് ലഭ്യമായ കേന്ദ്ര വിഹിതം വകമാറ്റി ചെലവഴിച്ചു

പൂരക പോഷകാഹാര പരിപാടിക്കായി (എസ്.എൻ.പി) ലഭ്യമായ കേന്ദ്ര സഹായത്തിലെ വരവ് ചെലവ് കണക്കുകൾ പരിശോധിച്ചതിൽ ടി ഇനത്തിൽ തൻവർഷം താഴെ സൂചിപ്പിക്കും വിധം വരവുണ്ട്.

മുന്നിരിപ്പ്= 3368020 രൂപ

വരവ് = 350250 രൂപ

ചെലവ് = ഇല്ല

നീക്കിയിരിപ്പ് = 3718270 രൂപ

എന്നാൽ SNP കേന്ദ്ര ഫണ്ട് വാർഷിക കണക്ക് പ്രകാരം 1844393/- രൂപ മാത്രമാണ് അവശേഷിക്കുന്നതായി കാണുന്നത്.

അക്കൗണ്ട് നമ്പർ- 339702010007129 (യൂണിയൻ ബാങ്ക്, നെന്മാറ)

2020-21 സാമ്പത്തിക വർഷത്തിൽ കേന്ദ്രഫണ്ട് ഇനത്തിൽ ICDS സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായി പദ്ധതികൾ ആവിഷ്കരിച്ച് തുകകൾ ചെലവഴിച്ചിട്ടി ല്ലാത്ത സാഹചര്യത്തിൽ 3718270 രൂപയാണ് നീക്കിയിരിപ്പായി ഉണ്ടാവേണ്ടത് (ടി തുക 2020-21 ലെ വാർഷിക ധനകാര്യ പത്രിക Schedule B4 ൽ കാണുന്നുണ്ട്).

കേന്ദ്രഫണ്ട് മറ്റ് ആവശ്യങ്ങൾക്കായി വകമാറ്റി ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് സെക്രട്ടറി മറുപടി ലഭ്യമാക്കിയില്ല. വകമാറ്റി ചെലവഴിച്ചത് സംബന്ധിച്ച് വിവരങ്ങൾ ICDS സൂപ്പർവൈസർക്ക് അറിയില്ല എന്നും അറിയിച്ചിട്ടുണ്ട്.

കേന്ദ്ര വിഹിതം വക മാറ്റി ചെലവഴിച്ചതിന് വിശദമായ മറുപടി ലഭ്യമാക്കേണ്ടതും ചെലവഴിക്കാൻ പറ്റാത്ത സാഹചര്യമുണ്ടെങ്കിൽ നിലവിലെ നീക്കിയിരിപ്പ് തുക തിരികെ അടവാക്കേണ്ടതുമാണ്.

## 1-28 എസ്.എസ്.എക്ക് ഗ്രാമപഞ്ചായത്ത് വിഹിതം- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

ഹെഡ് മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ എസ്.എസ്.എ ക്ക് വിഹിതം നൽകൽ പദ്ധതിയിൽ ഗ്രാമപഞ്ചായത്ത് വിഹിതം താഴെ പറയും പ്രകാരം നല്കിയിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ട് നമ്പരും, പേരും | 152/21, എസ്.എസ്.എ വിഹിതം നൽകൽ |
| അടങ്കൽ | ₹500000/- (വികസന ഫണ്ട്-ജനറൽ) |
| ചെലവ് | ₹428026/- (വികസന ഫണ്ട്-ജനറൽ) |
| ബിൽ നമ്പർ | 01/30.10.20 |

എസ്.എസ്.എ പദ്ധതിയുടെ നടത്തിപ്പിനായി മേൽപറഞ്ഞ പ്രകാരം ജില്ലാ പ്രൊജക്ട് ഓഫീസർക്ക് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെയും വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ആയത് ഓഡിറ്റിന് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (11/11.7.22)ക്ക് മറുപടി ലഭ്യമാക്കിയില്ല.

വിശദമായ വിനിയോഗ സാക്ഷ്യപത്രം ജില്ലാ പ്രൊജക്ട് ഓഫീസറിൽ നിന്നും ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-29 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം - പൊതുവായ വിലയിരുത്തൽ

### എ. ചെലവിന്റെ വിവരം

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 86 മരാമത്ത് പ്രവൃത്തികൾക്ക് തൻവർഷം അംഗീകാരം ലഭ്യമാക്കിയതിൽ 16 പ്രവൃത്തികൾക്കുള്ള തുകയാണ് ചെലവഴിച്ചിട്ടുള്ളത്. ആകെ വകയിരുത്തിയ 5.60 കോടി രൂപയിൽ 79.25 ലക്ഷം രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. വകയിരുത്തിയ തുകയുടെ 14% മാത്രമാണ് തൻവർഷത്തെ ചെലവ്. 70 പ്രോജക്ടുകൾ സ്പിൽ ഓവറായി മാറുന്ന സാഹചര്യം ഉണ്ടായിട്ടുണ്ട്.

നെല്ലിയാമ്പതിയുടെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കാരണം വികസന ഫണ്ട് ചെലവഴിക്കുന്നതിൽ

പരിമിതി നിലനിൽക്കുന്നുണ്ട്. വനഭൂമിയും എസ്റ്റേറ്റുകളും കൂടുതലായുള്ള നെല്ലിയാമ്പതിയിൽ പൊതു റോഡുകളും കെട്ടിടങ്ങളും നിർമ്മിക്കുന്നതിന് പരിമിതികൾ ഏറെയുണ്ട്. മരാമത്ത് പ്രവൃത്തികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിനും തുക ചെലവഴിക്കുന്നതിനുള്ള പ്രായോഗിക പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരനടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

പ്രവൃത്തികൾ ഏറ്റെടുത്ത പല കരാറുകാരും സമയപരിധിക്കുള്ളിൽ പ്രവൃത്തികൾ പൂർത്തീകരിക്കാതിരിക്കുന്നത് ഫണ്ട് വിനിയോഗത്തെ ബാധിക്കുന്നുണ്ട്. PWD മാന്വൽ പ്രകാരം പരമാവധി 50% വരെയുള്ള കാലയളവാണ് പൂർത്തീകരണത്തിനായി ദീർഘിപ്പിച്ചു നൽകാവുന്നത്.

ബി. രേഖകളുടെ സൂക്ഷിപ്പ്

1. കരാർ കാലാവധി തീരുന്നതിനുമുമ്പുള്ള കരാറുകാരുടെ അപേക്ഷയും എഞ്ചിനിയറുടെ ശുപാർശയും ഇല്ലാതെയാണ് പ്രവൃത്തികളുടെ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുന്നത്. കൃത്യമായി പിഴയും ഈടാക്കുന്നില്ല.

2. കരാർ കാലാവധി ദീർഘിപ്പിക്കുമ്പോൾ സപ്ലിമെന്ററി എഗ്രിമെന്റ് ഒപ്പു വച്ച് പുതുക്കിയ മാനദണ്ഡങ്ങൾ വ്യവസ്ഥ ചെയ്യുന്നില്ല.

3. എസ്റ്റിമേറ്റുകളിൽ മരാമത്ത് പ്രവൃത്തിയുടെ പേര്, വർഷം, ഫണ്ടിനം, ചെലവഴിച്ച തുക, സ്ഥാപനത്തിന്റെ പേര് എന്നിവ സൂചിപ്പിക്കുന്ന ഡിസ്പ്ളേ ബോർഡിനുള്ള തുക വകയിരുത്തി അവ സ്ഥാപിക്കുന്നില്ല.

4. സചിത്ര സോഫ്റ്റ്വെയറിന്റെ സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക് കപ്പെടാത്തതിനാൽ ആസ്തി രജിസ്റ്റർ കാലികമാക്കുവാനും പദ്ധതി രൂപീകരണത്തിൽ പ്രയോജനപ്പെടുത്തു വാനും സാധിച്ചിട്ടില്ല.

5. റോഡ് പ്രവൃത്തികൾ ഏറ്റെടുത്തത് റോഡ് കണക്ടിവിറ്റി ഭൂപടവും പ്ലാനും കാലികമാക്കാതെയാണ്.

6. എഗ്രിമെന്റുകളിലെ കാലഹരണപ്പെട്ട വ്യവസ്ഥകൾ ഒഴിവാക്കി 2012 ലെ PWD മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടില്ല.

3. ആസ്തി സംരക്ഷണ പദ്ധതി

സ.ഉ(കൈ)നം.11/2018/തസ്വഭവ തിയതി 29-01-2018 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിലെ ഖ. 6.7 ൽ നിർദ്ദേശിച്ച പ്രകാരം മെയ്ന്റനൻസ് ഫണ്ടും കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണ്. ഘടക സ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകൾ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. ആസ്തി രജിസ്റ്റർ കുറ്റമറ്റതാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. രേഖകളുടെ പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1. മാർഗ്ഗരേഖ പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

2. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ആവശ്യകത വിലിയരുത്തുന്നത് എപ്രകാരമാണെന്ന് വ്യക്തമാക്കുന്ന രേഖകളും സൂക്ഷിച്ചിട്ടില്ല.

3. ആസ്തി രജിസ്റ്റർ കാലികമല്ല.

ഓഡിറ്റ് നിർദ്ദേശം

1. സാമ്പത്തിക വർഷാവസാനം കൂടുതൽ ബില്ലുകൾ ട്രഷറിയിൽ സമർപ്പിക്കുന്നതിനുള്ള പ്രവണത ഒഴിവാക്കേണ്ടതാണ്.
2. പ്രവൃത്തികളുടെ ഓരോ ഘട്ടവും തീരുന്ന മുറയ്ക്ക് പാർട്ട് ബില്ലുകൾ അനുവദിച്ച് പരമാവധി തുക ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. PWD മാന്വൽ അനുസരിച്ചുള്ള സമയക്രമം പാലിച്ചുകൊണ്ട് കരാറുകാർ പ്രവൃത്തികൾ പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

4. വികസന സ്റ്റാന്റിംഗ് കമ്മിറ്റി പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുവാൻ ഇടപെടൽ നടത്തേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാ ക്കേണ്ടതാണ്.
5. മരാമത്ത് പ്രവൃത്തികളുടെ രേഖകൾ കാലികമാക്കി സൂക്ഷിക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
6. ആസ്തി സംരക്ഷണ പദ്ധതി രൂപീകരിച്ച് മാത്രം മെയന്റനൻസ് ഫണ്ട് ചെലവഴിക്കേണ്ടതാണ്.

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ PWD മാന്വൽ, 1997 ലെ കേരള പഞ്ചായത്ത് രാജ്(മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം) ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ പാലിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണം നം. 17(1)/11-7-22)

## 1-30 പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകിയപ്പോൾ PWD മാന്വൽ പ്രകാരമുള്ള പിഴ ഈടാക്കിയില്ല

2012 ലെ കേരള PWD മാന്വലിലെ സെക്ഷൻ 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് അതുവരെ രണ്ട് തവണകളായി പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിച്ച് നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ച് നൽകാവുന്നതല്ല. ഖണ്ഡിക 2112.1 ൽ കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ച് നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 1% തുകയും (കുറഞ്ഞത് 1000 രൂപ, കൂടിയത് 50000 രൂപ) ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 2% തുകയും (കുറഞ്ഞത് 2000 രൂപ, കൂടിയത് 100000 രൂപ) പിഴയായി ഈടാക്കേണ്ടതാണ്.

കരാർ കാലാവധി തീരുന്നതിനു മുമ്പ് കരാറുകാരൻ നൽകുന്ന കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ, നിർവ്വഹണ ഉദ്യോഗസ്ഥനായ അസി. എഞ്ചിനിയറുടെ ശുപാർശ എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. കരാറുകാരനിൽ നിന്നും പി.എ.സി യുടെ അടിസ്ഥാനത്തിൽ ഈടാക്കേണ്ടിയിരുന്ന പിഴയുടേയും ഈടാക്കിയ പിഴയുടേയും വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്ന തിയതി | പൂർത്തീകരിച്ച തിയതി | ഈടാക്കിയ പിഴ | ഇടാക്ണ്ടിയിരുന്നത് | കുറവ് |
|---|---|---|---|---|---|---|
| 1 | 89/20, 7/21-നൂറടി കുടുംബശ്രീ കെട്ടിടം അറ്റകുറ്റപ്പണി<br>അടങ്കൽ- 1500000<br>പി.എ.സി - 1479207<br>എഗ്രിമെന്റ് നം. 13/29-1-18<br>കരാറുകാരൻ - ശ്രീ.വിജയരാഘവൻ.സി<br>ചെലവ് - 1293496<br>ബിൽ നം. 1/29-4-19 -793615 & Rs.& 4/12-4-20-Rs. 499881<br>അളവു പുസ്തകം - 25&26/18-19 | 28-7-18 | 13-5-2019 | 0 | 44376 | 44376 |

ചട്ടപ്രകാരമുള്ള ഫൈൻ ഈടാക്കാതിരുന്നതിന്റെ കാരണം ഓഡിറ്റ് അന്വേഷണം നം. 17(2)/11-7-22

പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും കാരണം വ്യക്തമാക്കിയിട്ടില്ല.

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ സംരക്ഷണത്തിനായി ലഭ്യമാകുന്ന മെയ്ന്റനൻസ് ഫണ്ട് തനത് ആസ്തിയുടെ നവീകരണത്തിനായി വക മാറ്റി ചെലവഴിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

പിഴ കരാറുകാരനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

### 1-31 മരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ ലഭ്യമായില്ല

2020-21 വർഷത്തിൽ തുക അനുവദിച്ച താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളുടെ ഫയൽ, എം.ബുക്ക് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | ബിൽ നം., തിയതി | തുക | പ്രോജക്റ്റ് |
|---|---|---|---|
| 1 | 2/17-4-20 | 365167 | 5/21-രാജാക്കാട് പൈപ്പ്ലൈൻ സ്ഥാപിക്കൽ |
| 2 | 9/27-5-20 | 33267 | 157/21-നൂറടി പൈപ്പ്ലൈൻ |
| 3 | 14/12-10-20 | 494466 | 58/22-സീതാർകുണ്ട് പാടി റോഡ് കോൺക്രീറ്റ് |
| 4 | 17/29-3-21 | 651068 | 50/21-വിക്ടോറിയ വന്നതിപ്പലം റോഡ് കോൺക്രീറ്റ് |
| | ആകെ | 1543968 | |

മേൽ ഫയലുകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 17(3)/11-7-2022 ന് മറുപടി ലഭ്യമാക്കുകയോ രേഖകൾ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ പ്രവൃത്തികൾക്കായി ചെലവഴിച്ച തുക 2128397 ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

രേഖകൾ ഹാജരാക്കി തടസ്സവാദം ഒഴിവാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷൻ കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2020-21 | 6.7.2022 മുതൽ 15-7-2022 വരെ | ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1500000 | കുട്ടികളുടെ പാർക്ക് | 0 | 1500000 |

4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടില്ല.

4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

4-5 വായ്പ / വായ്പാതിരിച്ചടവ്

ഒന്നുമില്ല.

4-6 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല.

4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം ലഭിച്ച 6000 രൂപയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | തുക | രസീതി നം. / തിയതി | തുക ഒടുക്കിയ ഉദ്യോഗസ്ഥന്റെ പേരും ഉദ്യാഗപ്പേരും |
|---|---|---|---|---|
| 2018-19 | 1-12 | 6000 | 120030100426/ 20-2-21 | എസ്റ്റേറ്റ് ജീവനക്കാരുടെ തൊഴിൽ നികുതി |

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ തീർപ്പാക്കുവാനുള്ള ഖണ്ഡികകളുടെ വിവരം താഴെ ചേർക്കുന്നു.

| സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 2003-04 | 2.7 | 1999-00 ഖ. 25(b) I, Ii, Iii | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി വിഷയം പരിഗണിച്ചിട്ടുണ്ടെങ്കിലും കേസ് നിലവിലുള്ളതിനാൽ അന്തിമതീർപ്പ് ആയിട്ടില്ല. |
| 2011-12 | 2-7 | 2008-09 ഖ. 3-7 – പഴം സംസ്കരണ കേന്ദ്രം നിഷ്ക്രിയം | വിഷയം ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി പരിഗണിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| 2015-16 | ജില്ലാതല അവലോകനം | കമ്പ്യൂട്ടർ വത്ക്കരണം | വിഷയം ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി പരിഗണി ച്ചിട്ടില്ല. |
| 2017-18 | അധ്യായം 6 പൊതു വിഷയം | ഭൂമിശാസ്ത്രപരവും പാരിസ്ഥി തികവുമായ പ്രത്യേകത കളാൽ പരാധീന നേരിടുന്ന ഗ്രാമപഞ്ചാ യത്ത് | വിഷയം ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി പരിഗണി ച്ചിട്ടില്ല. |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

(എ) സർചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 7009114 |
| ഓഡിറ്റ് വർഷത്തെ വരവ് | 29369605 |
| ആകെ | 36378719 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 31159640 |
| നീക്കിയിരിപ്പ് | 5219079 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2106212 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 100004 | ശ്രീ.സിറോഷ്.എസ്. സെക്രട്ടറി |
| 1-19 | 462240 | ശ്രീ.സിറോഷ്.എസ്. സെക്രട്ടറി |
| 1-31(1-4) | 1543968 | ശ്രീ.രമേഷ്.എം, അസി.എഞ്ചിനിയർ |
| ആകെ | 2106212 | |

ഭാഗം 1 പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-30 | 44376 | ശ്രീ.രമേഷ്.എം, അസി.എഞ്ചിനിയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തി ന്/തടസ്സത്തിന് ഉ ത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.രമേഷ്.എം, അസി.എഞ്ചിനിയർ | അസി.എഞ്ചിനിയർ, നെന്മാറ ബ്ലോക്ക് | ചിറ്റാടി കളം, കരിപ്പോട്, പാലക്കാട്-678503 |
| ശ്രീ.സിറോഷ്.എസ്. സെക്രട്ടറി | സെക്രട്ടറി, നെല്ലിയാമ്പതി ഗ്രാമപഞ്ചായത്ത് | കൊറ്റിനാട്ടു ഹൗസ്, ആലുംപീടിക(പി.ഒ), ഓച്ചിറ, കൊല്ലം-690547 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.പി12-428/07/5-9-2007 | 4 |

| | | |
|---|---|---|
| 1997-98 | എൽ.എഫ്.പി10-1745/01/2-8-2011 | 6 |
| 1998-99 | എൽ.എഫ്.പി12-430/07/12-9-2007 | 11 |
| 1999-2000 | എൽ.എഫ്.പി12-1279/07/4-5-2007 | 8 |
| 2000-2001 | എൽ.എഫ്.പി12-432/07/12-9-2007 | 13 |
| 2001-2002 | എൽ.എഫ്.പി12-433/07/22-10-2007 | 11 |
| 2002-2003 | എൽ.എഫ്.പി12-434/07/12-10-2007 | 14 |
| 2003-2004 | എൽ.എഫ്.പി12-435/07/12-10-2007 | 10 |
| 2004-2005 | എൽ.എഫ്.പി18-984/10/10-1-2012 | 17 |
| 2005-2006 | എൽ.എഫ്.പി18-985/10/10-1-2012 | 13 |
| 2006-2007 | എൽ.എഫ്.പി18-986/10/10-1-2012 | 11 |
| 2007-2008 | എൽ.എഫ്.പി18-987/10/10-1-2012 | 10 |
| 2008-2009 | എൽ.എഫ്.പി18-1620/13/3-12-2013 | 12 |
| 2009-2010 & 2010-2011 | എൽ.എഫ്.പി18-1620/13/3-12-2013 | 22 |
| 2011-2012 | എൽ.എഫ്.പി18-1248/13/3-12-2013 | 17 |
| 2012-13 | എൽ.എഫ്.പി18-634/15/8-7-2015 | 13 |
| 2013-14 &2014-15 | എൽ.എഫ്.പി18-1009/2016/14-7-2016 | 16 |
| 2015-16 | കെ.എസ്.എ-പികെഡി18/121/17/31-1-2017 | 8 |
| 2016-17 | കെ.എസ്.എ-പികെഡി18/1814/17./17.10.17 | 24 |
| 2017-18 | നം.കെ.എസ്.എ-പികെഡി.18-966/19 /02.08.19 | 17 |
| 2018-19 | നം.കെ.എസ്.എ-പികെഡി.18-1330/20 /5.07.22 | 19 |
| 2019-20 | നം.കെ.എസ്.എ-പികെഡി.18-1588/22/ 21.07.22 | ഓഡിറ്റ് റിപ്പോർട്ട് |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-3

## വാർഷികധനകാര്യ പത്രികകൾ

### 1. Nelliyampathy Grama Panchayat RECEIPT & PAYMENT STATEMENT

For the period from 01-April-2020 to 31-March-2021

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 7007864.00 |
| Cash | Cash | RP-40(a) | 1250.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 803440.00 |
| 130000000 | Rental income from Panchayat Properties | RP-3 | 0.0 |
| 140000000 | Fees & User Charges | RP-4 | 100035.00 |
| 150000000 | Sale & Hire Charges | RP-5 | 48645.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 23940260.00 |
| 171000000 | Interest Earned | RP-9 | 10081.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 2056858.00 |
| 350000000 | Other Liabilities | RP-36 | 139867.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 0.0 |
| | Non Operating | | |
| 180000000 | Other Income | RP-10 | 57000.00 |
| 340000000 | Deposits Received | RP-34 | 81777.00 |
| 350000000 | Other Liabilities | RP-36 | 100981.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 1491849.00 |
| 460000000 | Loans, Advances and Deposits | RP-47 | 538812.00 |
| | Grand total | | 36378719.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2184565.00 |
| 220000000 | Administrative Expenses | RP-12 | 691152.00 |
| 230000000 | Operations & Maintenance | RP-13 | 1977569.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 2153058.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 7323486.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 4306670.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 904016.00 |
| 255000000 | Maintenance Projects | RP-20 | 3915867.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 14600.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 3288.00 |
| 350000000 | Other Liabilities | RP-36 | 3731296.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 12247.00 |
| 340000000 | Deposits Received | RP-34 | 10000.00 |
| 350000000 | Other Liabilities | RP-36 | 1455236.00 |
| 410000000 | Fixed Assets | RP-38 | 200000.00 |
| 412000000 | Capital work in Progress | RP-40 | 399646.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 1160377.00 |
| 460000000 | Loans, Advances and Deposits | RP-47 | 716567.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 5219079.00 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 36378719.00 |

ഡെപ്യൂട്ടി ഡയറക്ടർ

2. Nelliyampathy Grama Panchayat INCOME & EXPENDITURE STATEMENT

For the period from 01-April-2020 to 31-March-2021

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 2144675.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 779121.00 |
| 140000000 | Fee & User Charges | I-4(b) | 500835.00 |
| 150000000 | Sale & Hire Charges | I-5(b) | 48645.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 42630810.00 |
| 171000000 | Interest Earned | I-8 | 10081.00 |
| 180000000 | Other Income | I-9 | 57000.00 |
| | Total Income | | 46171167.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 8032950.00 |
| 220000000 | Administrative Expenses | I-11(b) | 691152.00 |
| 230000000 | Operations & Maintenance | I-12(b) | 1977569.00 |
| 240000000 | Interest & Finance Charges | I-13 | 12247.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 2153058.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 12852470.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 4306670.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 904016.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 12723900.00 |
| 255000000 | Maintenance Projects | I-14(e) | 3915867.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 14600.00 |
| | Total Expenditure | | 47584499.00 |
| | Gross Surplus/ Deficit of income over Expenditure | | -1413332.00 |
| 280000000 | Prior Period Item | I-18 | 531.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | -1413863.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

ഡെപ്യൂട്ടി ഡയറക്ടർ

3. Nelliyampathy Grama Panchayat BALANCE SHEET

| For the period from 01-April-2020 to 31-March-2021 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 6965094.20 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 45722383.00 |
| | Total Reserve & Surplus | | 52687477.20 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 7847997.00 |
| | Total Grants, Contributions for Specific Purposes | | 7847997.00 |
| | Loans | | |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 207766.00 |
| 350000000 | Other Liabilities | B-9 | 929156.80 |
| | Total Current Liabilities and Provisions | | 1136922.80 |
| | TOTAL LIABILITIES | | 61672397.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 50393502.00 |
| 412000000 | Capital Work in Progress | B-11(a) | 399646.00 |
| | Total Fixed Assets | | 50793148.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 0.0 |
| | Total Investments | | 0.0 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 5287738.00 |
| 450000000 | Cash and Bank Balance | B-17 | 5219079.00 |
| 460000000 | Loans, Advances and Deposits | B-18 | 372432.00 |
| | Total Current Assets, Loans and Advances | | 10879249.00 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |

ഡെപ്യൂട്ടി ഡയറക്ടർ